# നോമ്പ്

## ചോദ്യങ്ങൾ – ഉത്തരങ്ങൾ



തയ്യാറാക്കിയത്

**പ്രൊഫ: കെ.ടി. മുഹമ്മദ്, മോങ്ങം**

# സമർപ്പണം

പ്രിയപ്പെട്ട സ്നേഹിതൻ പ്രൊഫസർ കെ.ടി.മുഹമ്മദ് (മോങ്ങം) എഴുതിയ ഈ കൊച്ചു പുസ്തകം ഞാൻ വായനക്കാർക്കായി സമർപ്പിക്കുന്നു.

നോമ്പിനെ സംബന്ധിച്ച അത്യാവശ്യ കാര്യങ്ങൾ അറിയാൻ ഇത് സഹായിക്കും.

അനാവശ്യ വിവരണങ്ങളോ ആശയ ഗ്രഹണത്തിന് പ്രയാസമുണ്ടാക്കുംവിധമുള്ള ഹ്യസ്വതയോ ഇതിലില്ല.

അദ്ദേഹത്തിനും വായനക്കാർക്കും എന്റെ ആശംസകൾ

പ്രാർത്ഥനാപൂർവ്വം

എ.പി. അബ്ദുൽ ഖാദിർ മൗലവി
ജനറൽ സെക്രട്ടറി
കേരള നദ്‌വത്തുൽ മുജാഹിദീൻ

# വായനക്കാരോട്

ജാഡകളോ അതിനുള്ള പഴുതുകളോ ഇല്ലാത്ത മഹത്തായൊരു കർമ്മമാണ് നോമ്പ്. ഇസ്ലാമിന്റെ സ്തംഭങ്ങളായ ശഹാദത്ത് കലിമ, നമസ്കാരം, സകാത്ത്, ഹജ്ജ് എന്നിവ അനുഷ്ടിക്കുമ്പോൾ കർശനമായി വിലക്കപ്പെട്ട ലോകമാന്യം എന്ന കാപട്യത്തിന് അതിൽ അവസരങ്ങളേറയുണ്ട്. എന്നാൽ ഉമിനീര് ഉള്ളിലേക്കിറങ്ങിയാൽ നോമ്പ് മുറിയുമെന്ന തെറ്റിദ്ധാരണ കാരണം തുപ്പിക്കൊണ്ടേയിരിക്കുക എന്ന ലോകമാന്യത്തിന് പോലും ഇന്ന് ഏറക്കുറെ വിരാമമായിട്ടുണ്ട്. നോമ്പിന്റെ പ്രതിഫലം ചോർന്ന് പോവാൻ കാരണമാകുന്ന അവസരമില്ലെന്നതിനാൽ "അതെനിക്കുള്ളതാണ്, നാമാണതിന് പ്രതിഫലം നൽകുന്നത്" എന്ന അല്ലാഹുവിന്റെ വാഗ്ദത്തം നോമ്പുകാർക്ക് ആശയും ആവേശവും നൽകുന്നതാണ്. നോമ്പ് വല്ലപ്പോഴും അനുഷ്ടിക്കുന്ന ഒരു കർമ്മമായത് കൊണ്ട് അതിനെ ചുറ്റിപ്പറ്റിയുള്ള സംശയങ്ങൾക്ക് എന്നും പുതുമയുണ്ട്. പ്രമാണങ്ങളുടെ വെളിച്ചത്തിൽ ചിലതിന് മറുപടി കണ്ടെത്തിയെന്ന് മാത്രം. പിഴവുകൾ തിരുത്തിത്തന്ന്കൊണ്ട് എന്നെ സഹായിച്ച കെ.എൻ.എം ജന.സെക്രട്ടറി ബഹു: എ.പി. അബ്ദുൽ ഖാദിർ മൗലവിയെ ഓർക്കുന്നു. സർവ്വ ശക്തൻ നമ്മെയും അദ്ദേഹത്തെയും വിജയികളിൽ ഉൾപ്പെടുത്തുമാറാവട്ടെ - ആമീൻ

കെ.ടി. മുഹമ്മദ്, മോങ്ങം

റിട്ട, പ്രൊഫ: ഫോൺ: 0483 2772849, മൊ: 9947122108

മലപ്പുറം, കേരള

# ത്വാളുകളിൽ

ചോദ്യം 1: മാസങ്ങങ്ങളുടെ പിറവി മക്കയിലെ പിറവിയോട് യോചിപ്പിക്കണമെന്ന നിലപാട് ശരിയാണോ?

ചോദ്യം 2: നോമ്പുകാരൻ മറ്റൊരു നാട്ടിലേക്ക് പുറപ്പെട്ടു. പുറപ്പെട്ട നാട്ടിൽ ശവ്വാൽ മാസപ്പിറവി കണ്ടതായി പ്രഖ്യാപിച്ചു. എത്തിയ നാട്ടിലാവട്ടെ മാസപ്പിറവി കണ്ടിട്ടുമില്ല. അവൻ ആരുടെ കൂടെ നിൽക്കണം ?

ചോദ്യം 3: യാത്രക്കാരൻ നോമ്പും നമസ്കാരവും നിർവ്വഹിക്കേണ്ടതെങ്ങിനെ?

ചോദ്യം 4: ആധുനിക യാത്രാ സൗകര്യങ്ങളെല്ലാം ഉള്ള ഇക്കാലത്ത് പ്രയാസങ്ങളൊന്നുമില്ലാത്ത യാത്രക്കാരൻ നോമ്പനുഷ്ഠിക്കുന്നതിന്റെ വിധി എന്ത്?

ചോദ്യം 5: റമളാനിലെ ഓരോ ദിവസത്തിനും വെവ്വേറെ നിയ്യത്ത് വേണ്ടതുണ്ടോ? മാസത്തേക്ക് മൊത്തം ഒരു നിയ്യത്ത് മതിയാകുമോ?

ചോദ്യം 6: നോമ്പില്ലാത്ത യാത്രക്കാരൻ റമളാൻ പകലിൽ നാട്ടിലെത്തിയാൽ എന്ത് ചെയ്യണം.?

ചോദ്യം 7: നോമ്പിന്റെ മര്യാദകൾ ഏതെല്ലാമാണ്?

ചോദ്യം 8: നോമ്പ് ഒഴിവാക്കാൻ അനുവദിക്കുന്ന കാരണങ്ങൾ ഏതൊക്കെയാണ്.?

ചോദ്യം 9: നോമ്പ് മുറിക്കുന്ന കാര്യങ്ങൾ ഏതെല്ലാമാണ്.

ചോദ്യം 10: റമളാൻ നോമ്പ് നിർബന്ധമുള്ളവൻ ലൈംഗിക ബന്ധതിത്തിലേർപ്പെട്ടാൽ എന്താണതിന്റെ വിധി?

ചോദ്യം 11: നോമ്പ് മുറിക്കുകയാണെന്ന് കരുതി, പക്ഷെ തിന്നുകയോ കുടിക്കുകയോ ചെയ്തില്ല. നോമ്പ് മുറിയുമോ?

ചോദ്യം 12: നോമ്പാണെന്നകാര്യം മറന്ന്കൊണ്ട് എന്തെങ്കിലും ഭക്ഷിച്ച് പോവുകയോ ലൈംഗിക ബന്ധത്തിലേർപ്പെട്ട് പോവുകയോ ചെയ്താൽ എന്ത് ചെയ്യണം?

ചോദ്യം 13: ഭക്ഷണം രുചി നോക്കുന്നത്കൊണ്ട് നോമ്പ് നഷ്ടപ്പെടുമോ?

ചോദ്യം 14: ഉംറ നിർവ്വഹണത്തിന്റെ എളുപ്പത്തിന് വേണ്ടി നോമ്പ് മുറി

ക്കാമോ?

ചോദ്യം 15: ക്ലേശകരമായ ജോലി ചെയ്യുന്ന ആളിന്ന് നോമ്പ് എടുക്കാതിരുന്നുകൂടെ?

ചോദ്യം 16: തന്റെയും മക്കളുടെയും നിത്യവൃത്തിക്ക് വേണ്ടി അദ്ധ്വാനിക്കുന്ന കാരണത്താൽ നോമ്പ് ഒഴിവാക്കിയാൽ എന്താണതിന്റെ വിധി?

ചോദ്യം 17: നോമ്പ് രോഗം വർദ്ധിപ്പിക്കുമെന്ന് ഡോക്ടർ ഏതെങ്കിലും രോഗിയോട് പറഞ്ഞാൽ എന്ത് ചെയ്യണം.?

ചോദ്യം 18: "ശ്വാസം മുട്ടൽ" രോഗത്തിന് ആവിപിടിച്ചാൽ നോമ്പ് മുറിയുമോ?

ചോദ്യം 19: മുല കൊടുക്കുന്ന അമ്മക്ക് നോമ്പ് ഒഴിവാക്കാമോ?

ചോദ്യം 20: പല്ല് പറിക്കുന്നതും കൊമ്പ് വെക്കുന്നതും നോമ്പ് മുറിയാൻ കാരണമാകുമോ?

ചോദ്യം 21: നോമ്പ് കാരന്റെ രക്തം കുത്തി എടുക്കുന്നത് കൊണ്ട നോമ്പ് മുറിയുമോ?

ചോദ്യം 22: സ്വയംഭോഗം നോമ്പ് മുറിക്കുമോ? അതിന്ന് തെണ്ടം കൊടുക്കേണ്ടതുണ്ടോ?

ചോദ്യം 23: പകൽ ഉറക്കത്തിൽ സ്വപ്നസ്കലനം ഉണ്ടായാൽ അയാളുടെ നോമ്പ് സാധുവാകുമോ?

ചോദ്യം 24: കാരണമുണ്ടായപ്പോൾ നോമ്പ് മുറിച്ചു. എന്നാൽ ആ കാരണം ഇടക്ക് വെച്ച് നീങ്ങി. ബാക്കിവന്ന സമയം അവൻ നോമ്പ്കാരനെപ്പോലെയായിരിക്കേണ്ടതുണ്ടോ?

ചോദ്യം 25: റമളാനാണെങ്കിൽ നിർബന്ധ നോമ്പെന്നും അല്ലെങ്കിൽ ഐച്ഛിക നോമ്പെന്നും കരുതി അങ്ങനെ നോറ്റ നോമ്പ് റമളാൻ നോമ്പായി ഗണിക്കുമോ?

ചോദ്യം 26: വിശപ്പും ദാഹവും സഹിക്കവയ്യാതെ പകൽ ഏതാണ്ടും തളർന്നവനായി കഴിച്ചുകൂട്ടിയാൽ അത് നോമ്പിനെ ബാധിക്കുമോ?

ചോദ്യം 27: നോമ്പ്കാരന്റെ മോണയിൽ നിന്ന് രക്തം പൊടിഞ്ഞാൽ നോമ്പ് മുറിയുമോ?

ചോദ്യം 28: ആർത്തവകാരിയായിട്ടും അജ്ഞത കാരണം നോമ്പനുഷ്ടിച്ചു. അതിന്റെ പേരിൽ തെണ്ടം കൊടുക്കേണ്ടതുണ്ടോ?

ചോദ്യം29: ആർത്തവകാരി പ്രഭാതത്തിന് മുമ്പ് ശുദ്ധിയാവുകയും പ്രഭാതത്തിനുശേഷം കുളിക്കുകയും ചെയ്താൽ അവളുടെ നോമ്പിന്റെ വിധി എന്താണ്?

ചോദ്യം 30: നോമ്പ് കടം വീട്ടേണ്ടതാണ് എന്നും നമസ്കാരം കടം വീട്ടേണ്ടതില്ല എന്നുമുള്ള രണ്ട്തരം കൽപന എന്ത്കൊണ്ടാണ്?

ചോദ്യം 31: നോമ്പുകാരൻ സുറുമയിടുന്നതിന്റെ വിധിയെന്ത്?

ചോദ്യം 32: നോമ്പ്കാരൻ സുഖന്ധം വാസനിച്ചാൽ നോമ്പ് മുറിയുമോ?

ചോദ്യം 33: നോമ്പ് നോറ്റ്കൊണ്ട് ബ്രഷ് ചെയ്യുന്നതും എണ്ണ തേക്കുന്നതും അനുവദനീയമാകുമോ?

ചോദ്യം 34: കണ്ണിലും മൂക്കിലും ചെവിയിലും മരുന്ന് ഉറ്റിക്കുമ്പോൾ അത് നോമ്പിനെ ബാധിക്കുമോ?

ചോദ്യം 35: നോമ്പുകാരൻ കൊപ്ലിച്ചപ്പോൾ വെള്ളം ഉള്ളിലേക്ക് കടന്നു. നോമ്പ് മുറിയുമോ?

ചോദ്യം 36: നോമ്പ്കാരൻ ശരീരം തണുപ്പിക്കുന്നതിന്റെ വിധിയെന്ത്?

ചോദ്യം 37: വായയിൽ നിന്നൊലിക്കുന്ന കേല നോമ്പ് മുറിക്കുമോ?

ചോദ്യം 38: കഫം, മൂക്കട്ട എന്നിവ വിഴുങ്ങിപ്പോയാൽ എന്താണ് നോമ്പിന്റെ സ്ഥിതി?

ചോദ്യം 39: നിഷിദ്ധമായ സംസാരം നോമ്പ് മുറിയാൻ കാരണമാകുമോ?

ചോദ്യം 40: കള്ള സാക്ഷ്യം എന്നത്കൊണ്ട് എന്താണുദ്ദേശിക്കുന്നത്?

ചോദ്യം 41: റമളാൻ നോമ്പ് കടമുണ്ടായിരിക്കെ ശവ്വാലിലെ ആറ് നോമ്പ് അനുഷ്ടിക്കാമോ?

ചോദ്യം 42: റമളാനിൽ നോമ്പ് നോൽക്കാതിരുന്ന ഒരു രോഗി അതേ മാസത്തിൽ തന്നെ മരിച്ചു. അയാൾ നോമ്പ് കടം ഉള്ളവനാകുമോ?

ചോദ്യം 43: നോമ്പ് കടമുള്ളയാൾ കടം വീട്ടാൻ അവസരം കിട്ടിയിട്ടും വീട്ടാതെയിരിക്കുന്നതിന്നിടയിൽ പെട്ടെന്ന് മരിച്ചു. എന്ത് ചെയ്യണം?

ചോദ്യം 44: സുന്നത്തായ നോമ്പിനെ അകാരണമായി മുറിച്ചാൽ അയാൾ കുറ്റക്കാരനാകുമോ?

ചോദ്യം 45: ശവ്വാലിലെ 6 നോമ്പ് എടുക്കാൻ ഏറ്റവും നല്ലത് എപ്പോഴാണ്?

ചോദ്യം 46: ആശൂറാഅ് ദിനം നോമ്പനുഷ്ടിക്കുന്നതിന്റെ വിധിയെന്ത്?

ചോദ്യം 47: ശഅബാൻ മാസത്തിലെ നോമ്പിന്റെ സ്ഥിതി എന്താണ്?

ചോദ്യം 48: ശഅബാൻ,ശവ്വാൽ,മുഹറം,അറഫ എന്നീ നോമ്പുകൾ സുന്നത്താണെന്ന് സൂചിപ്പിച്ചല്ലോ. ഇവ കൂടാതെ ഏതെങ്കിലും സുന്നത്ത് നോമ്പ് സ്ഥിരപ്പെട്ടതായിട്ടുണ്ടോ ?

ചോദ്യം 49: നോമ്പ് ചേർത്ത് നോൽക്കുക എന്നത്കൊണ്ടെന്താണ് ഉദ്ദേശ്യം?

ചോദ്യം 50: വെള്ളിയാഴ്ച മാത്രമായി നോമ്പനുഷ്ടിക്കുന്നതിനെ വിലക്കിയതെന്താണ്?

ചോദ്യം 51: നോമ്പ് മുറിയുന്ന ഏതെങ്കിലും കാര്യത്തിൽ ഏർപ്പെട്ട്കൊണ്ടിരിക്കുമ്പോൾ പ്രഭാതോദയമുണ്ടായാൽ എന്ത് ചെയ്യണം?

ചോദ്യം 52: റമളാൻ മാസപ്പിറവി സ്ഥിരപ്പെടുന്നതിന് മുമ്പ് ഒരാൾ ഉറങ്ങി, നോമ്പിന്റെ നിയ്യത്ത്(കരുതൽ) രാത്രി ഉണ്ടായിട്ടുമില്ല. ഈ അവസ്ഥയിൽ അവൻ എന്ത് ചെയ്യണം?

ചോദ്യം 53: വിമാനത്താവളത്തിലായപ്പോൾ സൂര്യൻ അസ്തമിച്ചു, വിമാനം പൊങ്ങിയപ്പോൾ സൂര്യനെ കാണുന്നു. അയാൾ നോമ്പുകാരനായി വീണ്ടും മാറേണ്ടതുണ്ടോ?

ചോദ്യം 54: റമളാൻനോമ്പ് കടം ഉള്ളൊരാൾ അടുത്ത റമളാൻ വരെ കടം വീട്ടിയില്ല. എന്ത് ചെയ്യണം?

ചോദ്യം 55: പ്രഭാതോദയത്തിന്റെ 10, 15 മിനുട്ട് മുമ്പ്തന്നെ ഭക്ഷണപാനീയങ്ങളുപേക്ഷിക്കുക എന്ന് പറഞ്ഞ് റമളാൻ മാസത്തിൽ ചിലർ പ്രത്യേക നിർദ്ദേശങ്ങൾ നൽകുന്നതായി കാണുന്നു. ഇത് നബിചര്യയുടെ പിൻബലത്തിലാണോ?

ചോദ്യം 56: നോമ്പ് തുറക്കുമ്പോൾ പ്രത്യേകമായ വല്ല പ്രാർത്ഥനയുമുണ്ടോ?

ചോദ്യം 57: ഇന്ന് പ്രചാരം ലഭിച്ചുകൊണ്ടിരിക്കുന്ന വിപുലമായ നോമ്പ്തുറ മഗ്‌രിബ് നമസ്കാരം നഷ്ടപ്പെട്ട്പോകുമാറ് ആ തുറ നീണ്ട് പോകുന്നു. എന്ത് ചെയ്യണം? നോമ്പ് വിസ്തരിച്ച് തുറക്കണോ? അതോ തുറന്നു എന്ന് വരുത്താൻ മാത്രം എന്തെങ്കിലുമൊന്ന് കഴിച്ച് മഗ്‌രിബ് നമസ്കരിക്കണോ?

ചോദ്യം 58: റമളാനല്ലാത്ത മറ്റ് ഏതെങ്കിലും നോമ്പ് നിർബന്ധമുള്ളതുണ്ടോ?

ചോദ്യം 59: നോമ്പ് പിടിക്കാൻ സാധിക്കാത്തവർ പ്രായശ്ചിത്തമായി നൽകേണ്ടതിന്റെ തോത് എത്ര?

ചോദ്യം 60: ഇഅ്തികാഫ് എന്നാലെന്താണ്? അതിന്റെ വിധി വിശദീകരിക്കുക. ഇഅ്തികാഫിരിക്കുന്നവന് പുറത്ത് പോകാമോ എന്തല്ലാമാണ് അതിന്റെ മര്യാദകൾ?

അല്ലാഹു(ത) പറഞ്ഞു. ഹേ, വിശ്വസിച്ചവരെ, നിങ്ങളുടെ മുമ്പുള്ളവരുടെ മേൽ നിയമിക്കപ്പെട്ടത്പോലെ നിങ്ങളുടെ മേലും വ്രതം നിയമിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ സൂക്ഷ്മത പാലിച്ചേക്കാം. (2.183) വ്രതം നിയമമാക്കപ്പെട്ടതിന്റെ ലക്ഷ്യം സൂക്ഷ്മതയും അല്ലാഹുവിനോടുള്ള വണക്കവും ഉണ്ടാക്കിയെടുക്കുകയെന്നതാണെന്ന് വ്യക്തമായല്ലോ. സൂക്ഷ്മതയെന്നാൽ നിഷിദ്ധങ്ങളെ മുഴുവൻ വെടിയുകയും കൽപനകളെ പരമാവധി കൈകൊള്ളുകയും ചെയ്യലാണ്. റസൂലുല്ലാഹി(സ) പറഞ്ഞു. തെറ്റായ വാക്കുകളും പ്രവർത്തികളും വിവരക്കേടുകളും ആര് വെടിയുന്നില്ലയോ അവൻ ഭക്ഷണ പാനീയങ്ങളുപേക്ഷിക്കുന്നത് അല്ലാഹുവിന്നാവശ്യമില്ല. (ബുഖാരി 1903) അപ്പോൾ നോമ്പുകാരൻ തന്റെ ബാധ്യതകൾ മുഴുവൻ നിറവേറ്റുകയും നിഷിദ്ധങ്ങളായ വാക്കുകളും പ്രവർത്തികളും വെടിയുകയും ചെയ്യൽ അനിവാര്യമാണെന്ന് വന്നു. അവൻ ജനങ്ങളെ അധിക്ഷേപിക്കുകയില്ല. കളവോ പരദൂഷണമോ പറയുകയില്ല.നിഷിദ്ധമായ കച്ചവടം നടത്തുകയില്ല. ഈ പുണ്യമാസത്തിൽ മേൽ സൂചിപ്പിച്ചത് പോലെ ജീവിക്കുന്ന ഏത് മനുഷ്യനും വർഷത്തിലെ ബാക്കി മാസങ്ങളിൽ ചൊവ്വെ ജീവിക്കുമെന്നതിൽ സംശയമില്ല.

എന്നാൽ നോമ്പിന്റെ ആന്തരീകവും ആദ്ധ്യാത്മികവുമായ വശങ്ങൾക്കാണ് പ്രാധാന്യമെങ്കിൽപോലും അത് സാധുവായിത്തീരാൻ ബാഹ്യമായ ചില ചട്ടക്കൂടുകൾ വേറെയുണ്ട്. അതിലേക്ക് കടന്ന് ചെല്ലുമ്പോഴുണ്ടാകുന്ന ചില സംശയങ്ങളും അവയ്ക്കുള്ള മറുപടിയുമാണ് താഴെ വരുന്നത്.

ചോദ്യം 1: ചിലർ സമുദായ ഐക്യത്തിന്റെ പേരിൽ പരിശുദ്ധറമളാൻ മാസമടക്കമുള്ള മാസങ്ങളുടെ പിറവി മക്കയിലെ പിറവിയോട് യോചിപ്പിച്ച് കൊണ്ടാവണമെന്ന് ശഠിക്കുന്നു. ശരിയായ നിലപാട് വ്യക്തമാക്കുമല്ലോ?

മറുപടി: ഇത് ഗോള ശാസ്ത്ര പ്രകാരം അസംഭവ്യമാണ്. കാരണം

ചന്ദ്രോദയം മത്‌ലഅ് (ഉദയ സ്ഥാനം) വ്യത്യാസപ്പെട്ട് കൊണ്ടുള്ളതാണെന്നാണ് ഈ ശാസ്ത്രം വശമുള്ളവരെല്ലാം പറയുന്നത്. അതിനാൽ പ്രമാണങ്ങളും ശാസ്ത്രവും താൽപര്യപ്പെടുന്നത് ഓരോ രാജ്യവും അതിന്റെ അവസ്ഥാ വിശേഷത്തിനനുസരിച്ച് പോവുന്നതാണ് അഭികാമ്യമെന്നാണ്.

"ആകയാൽ നിങ്ങളിൽ ആർ (ആ) മാസത്തിൽ ഹാജറുണ്ടായോ അവർ അതിൽ നോമ്പനുഷ്ഠിച്ച്കൊള്ളട്ടെ" (വി.ഖു 2:185) ഭൂമിയുടെ അങ്ങേ അറ്റത്തുള്ളവർ ആ മാസ (ചന്ദ്രോദയ)ത്തിൽ ഹജറുണ്ടാവാതിരിക്കുകയും മക്കക്കാർ ചന്ദ്രോദയത്തിൽ ഹാജറുണ്ടാവുകയും ചെയ്താൽ ആ മാസത്തിൽ ഹാജറില്ലാത്തവർക്കെങ്ങിനെ ഈ കൽപ്പന ബാധകമാകും? പ്രവാചകൻ (സ) പറഞ്ഞു: അതിനെ (ചന്ദ്രനെ) കണ്ടാൽ നോമ്പനുഷ്ഠിക്കുക. അതിനെ (ചന്ദ്രനെ) കണ്ടാൽ നോമ്പ് മുറിക്കുക. (ബുഖാരി 1909, മുസ്ലീം 1081). മക്കക്കാർ ചന്ദ്രനെ കണ്ടെന്ന് കരുതി പാകിസ്ഥാനികൾക്കും അതിനപ്പുറമുള്ള രാജ്യക്കാർക്കും നോമ്പ് നിർബന്ധമാവുമെന്ന് നാം എങ്ങിനെ പറയും? നബി (സ) കാഴ്ചയോട് അതിനെ ബന്ധപ്പെടുത്തിയിട്ടുണ്ടെന്നിരിക്കെ പ്രത്യേകിച്ചും.

എന്നാൽ ശാസ്ത്രീയമായ വിശകലനത്തിൽ പടിഞ്ഞാറ് പ്രഭാതം ഉദിക്കുന്നതിന്റെ മുമ്പ് കിഴക്ക് ഉദിക്കുമല്ലോ. എന്നാൽ അപ്പോൾ തന്നെ പടിഞ്ഞാറുള്ളവർ നോമ്പ് പിടിക്കേണ്ടതുണ്ടോ? ഇല്ലെന്നാണ് മറുപടി. അത്പോലെ കിഴക്ക് ഭാഗത്തുള്ളവർക്ക് സൂര്യൻ അസ്തമിച്ചിരിക്കും. ആ സമയത്ത് പകലിലായിരിക്കുന്ന പടിഞ്ഞാറുകാർക്ക് നോമ്പ് മുറിക്കാവതല്ലല്ലോ. ''നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്ത്കൊള്ളുവിൻ. കറുപ്പ് നൂലിൽ നിന്ന് പ്രഭാതമാകുന്ന വെള്ളനൂൽ നിങ്ങൾക്ക് വ്യക്തമായിത്തീരുന്നത് വരെക്കും. പിന്നെ നിങ്ങൾ രാത്രി വരെ നോമ്പ് പൂർത്തിയാക്കുക. നിങ്ങൾ പള്ളികളിൽ ഭജനമിരിക്കുന്നവരായിരിക്കുമ്പോഴും

അവരുമായി (ഭാര്യമാരുമായി) സ്പർശനം നടത്തരുത്. അവ അല്ലാഹുവിന്റെ അതൃത്തികളാകുന്നു. അതിനാൽ അവയെ നിങ്ങൾ സമീപിക്കരുത്. അപ്രകാരം അല്ലാഹു അവന്റെ ആയത്തുകളെ മനുഷ്യർക്ക് വ്യക്തമാക്കിത്തരുന്നു. അവർ സൂക്ഷ്മത പാലിച്ചേക്കാം" (ഖുർആൻ2:187). അപ്പോൾ പ്രമാണങ്ങളും ശാസ്ത്രവും നോമ്പിന്റെയും പെരുന്നാളിന്റെയും മാസാരംഭവും സമയവും ഓരോ സ്ഥലങ്ങളിലും വ്യത്യസ്തമായിരിക്കുമെന്ന് ഓർമ്മിപ്പിക്കുന്നു. എന്നാൽ ചന്ദ്ര ചലനവും സൂര്യചലന സങ്കൽപ്പവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാത്തതോ പരിഗണിക്കാത്തതോ ആണ് ആഗോള സങ്കൽപ്പത്തിന്റെ കാരണം.

ഇനി നോമ്പും പെരുന്നാളും ലോക മുസ്ലിംകൾക്കെല്ലാം ഒറ്റദിവസത്തിലും സമയത്തും ആയിരിക്കണമെന്ന് വാദിക്കുന്നവർക്കുള്ള ന്യായം വാർത്താ മാധ്യമങ്ങളുടെ ലഭ്യതയാണല്ലോ. എങ്കിൽ ഈ സൗകര്യം ലഭിക്കാതിരുന്ന കഴിഞ്ഞ നൂറ്റാണ്ടുകളിലെ മുസ്ലിംകൾക്ക് അത് പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ലെന്ന് ഉറപ്പാണ്. അപ്പോൾ അങ്ങിനെ ഒരു ഏകീകരണം വേണമെന്ന് ശരീഅത്ത് അന്നേ അനുശാസിച്ചിട്ടില്ല. പ്രകൃതിപരമായ ദർശനത്തെ അവഗണിച്ച് കൊണ്ട് ശാസ്ത്രമെന്ന സാങ്കേതിക മാർഗ്ഗത്തെ മാത്രം അവലംഭിക്കുന്നത് പ്രമാണങ്ങളോടുള്ള വെല്ലുവിളിയായേ കാണാൻ കഴിയൂ.റമളാൻ മാസപ്പിറവി ഉറപ്പിക്കണമെങ്കിൽ ഒരു സാക്ഷി നിർബന്ധമാണ്.(അൽ ഫിഖ്ഹു അലൽ മദാഹിബിൽ അർബഅ. 1/549) പിന്നീട് ഉറപ്പിച്ചതിനെക്കുറിച്ചുള്ള സത്യസന്ധമായ വിവരം ലഭിക്കുക മാത്രമേ വേണ്ടതുള്ളൂ. പുതുചന്ദ്രന്റെ നീളവും തടിയും നോക്കി രാവ് കണക്കാക്കുന്നതിൽ അർത്ഥമൊന്നുമില്ല. (മുസ്ലിം 1088)

ചോദ്യം 2: നോമ്പുകാരൻ മറ്റൊരു നാട്ടിലേക്ക് പുറപ്പെട്ടു. പുറപ്പെട്ട നാട്ടിൽ ശവ്വാൽ മാസപ്പിറവി കണ്ടതായി പ്രഖ്യാപിച്ചു.

എത്തിയ നാട്ടിലാവട്ടെ മാസപ്പിറവി കണ്ടിട്ടുമില്ല. അവൻ ആരുടെ കൂടെ നിൽക്കണം?

മറുപടി: അവൻ പുറപ്പെട്ട് എത്തിയ നാട്ടിൽ ശവ്വാൽ മാസപ്പിറവി കണ്ടിട്ടില്ലെങ്കിൽ അവരുടെ പെരുന്നാളാഘോഷത്തോടൊപ്പം മാത്രമേ അവൻ ആഘോഷിക്കാവൂ. കാരണം നോമ്പ് ജനങ്ങൾ നോമ്പനുഷ്ഠിക്കുമ്പോഴാണ്. പെരുന്നാൾ ആഘോഷങ്ങളും ജനങ്ങൾ ആഘോഷിക്കുമ്പോഴാണ്. ചന്ദ്രനെ കണ്ടെങ്കിലല്ലാതെ നോമ്പും പെരുന്നാളും അനുഷ്ഠിക്കരുതെന്ന് റസൂലുല്ലാഹി (സ) പറഞ്ഞിട്ടുമുണ്ട്. പക്ഷേ 30 നോമ്പ് പൂർത്തിയായവനാണെങ്കിലോ അപ്പോൾ അവൻ നോമ്പ്കാരനെന്ന ഭാവത്തിൽ (ഇംസാകിൽ) കഴിഞ്ഞ്കൂടുകയാണ് വേണ്ടത്.

ഇനി മാസപ്പിറവി ഉണ്ടായിട്ടില്ലാത്ത ഒരു നാട്ടിൽ നിന്ന് പുറപ്പെട്ട് എത്തിച്ചേർന്ന നാട്ടിൽ ശവ്വാൽ പിറവി ഉണ്ടാവുകയും ചെയ്താൽ അവൻ നാട്ടുകാരോടൊപ്പം പെരുന്നാളാഘോഷിക്കണം. റമളാൻ ബാക്കി വന്നത് പിന്നീട് വീട്ടുകയും ചെയ്യണം. മാസം 29 പൂർത്തിയായിട്ടില്ലെങ്കിൽപോലും അവൻ നോമ്പ് മുറിക്കണം. കാരണം ഹിലാൽ കാണപ്പെട്ടു എന്നത് തന്നെ. മാസം 29നെക്കാൾ ചുരുങ്ങുകയില്ലെന്ന കാരണംകൊണ്ടാണ് അത് പിന്നീട് പൂർത്തിയാക്കണമെന്ന് പറഞ്ഞത്.

ചോദ്യം 3: യാത്രക്കാരൻ നോമ്പും നമസ്കാരവും നിർവ്വഹിക്കേണ്ടതെങ്ങിനെ?

മറുപടി: യാത്രക്കാരൻ നാട്ടിൽ നിന്ന് പുറപ്പെട്ട് തിരിച്ചെത്തുവോളം 4 റക്അത്തുള്ള നമസ്കാരങ്ങൾ രണ്ട്വീതം റക്അത്തുകളായിട്ടാണ് നിർവ്വഹിക്കേണ്ടത്. ആയിശ (റ) പറയുന്നു: ആദ്യമായി നമസ്കാരം നിർബന്ധമാക്കിയത് ഈരണ്ട് റക്അത്തുകളായിട്ടാണ്. അത് പിന്നെ യാത്രക്കാരന്റെ നമസ്കാരമായി സ്ഥിരപ്പെടുത്തുകയും അല്ലാത്തവരുടേത് (നാല് റക്അത്തുകളായി) പൂർത്തിയാക്കപ്പെടുകയും ചെയ്തു

(ബു1090. മു 685) അനസ്ബ്നു മാലിക് പറഞ്ഞു: ഞങ്ങൾ നബി(സ)യോടൊപ്പം മദീനയിലേക്ക് പുറപ്പെട്ടു. മദീനയിൽ നിന്ന് മടങ്ങിയെത്തുവോളം രണ്ട്വീതം റക്അത്തുകളായിട്ടാണ് ഞങ്ങൾ നമസ്കരിച്ചിരുന്നത് (ബു.1090.മു.685)

യാത്ര തുടർന്നുകൊണ്ടിരിക്കുകയാണെങ്കിൽ ഏറ്റവും നല്ലത് ളുഹർ അസർ തമ്മിലും (ളുഹർ രണ്ട് റക്അത്ത് നമസ്കരിച്ച് സാലാം വീട്ടിയ ശേഷം അസർ രണ്ട് റക് അത്ത് നമസ്കരിച്ച് സലാം വീട്ടുക) മഗ്രിബ് ഇശാഅ് തമ്മിലും കൂട്ടി മേൽ രീതിയിൽ നമസ്കരിക്കലാണ്. അത് തന്നെ മുന്തിച്ചും പിന്തിച്ചും സൗകര്യംപോലെ ചെയ്യാവുന്നതാണ്. യാത്രക്കാരൻ ഫർളുകളോട് ചേർന്നുള്ള സുന്നത്ത് നമസ്കാരങ്ങളൊഴിച്ച് വിത്റ്, രാത്രി നമസ്കാരം, ളുഹാ (പൂർവ്വഹ്നം) നമസ്കാരം പ്രഭാതത്തിലെ സുന്നത്ത് നമസ്കാരം എന്നിവ അനുഷ്ഠിച്ച് പോരണം. നോമ്പിന്റെ ആചാരാനുഷ്ഠാന രീതികളിൽ യാത്രക്കാരനും അല്ലാത്തവനും തമ്മിൽ ഒരു വ്യത്യാസവും ഇല്ല.

ചോദ്യം 4: ആധുനിക യാത്രാ സൗകര്യങ്ങളെല്ലാം ഉള്ള ഇക്കാലത്ത് പ്രയാസങ്ങളൊന്നുമില്ലാത്ത യാത്രക്കാരൻ നോമ്പനുഷ്ഠിക്കുന്നതിന്റെ വിധി എന്ത്?

മറുപടി: യാത്രക്കാരന് നോമ്പ് പിടിക്കുകയോ ഒഴിവാക്കുകയോ ചെയ്യാവുന്നതാണ്. ഖുർആൻ പറഞ്ഞു: ആരെങ്കിലും രോഗിയോ യാത്രയിലോ ആയിരുന്നാൽ മറ്റു ദിവസങ്ങളിൽ നിന്ന് അത്ര എണ്ണം പൂർത്തിയാക്കണം (2:185) സ്വഹാബികൾ നബിയോടൊപ്പം യാത്രപോയപ്പോൾ നോമ്പനുഷ്ഠിച്ചവരും അനുഷ്ഠിക്കാത്തവരും കൂട്ടത്തിലുണ്ടായിരുന്നു. നോറ്റവർ നോൽക്കാത്തവരെയോ നോൽക്കാത്തവർ നോറ്റവരെയോ ആക്ഷേപിച്ചിട്ടില്ല. നബി (സ) യാത്രയിൽ നോമ്പനുഷ്ഠിച്ചിട്ടുണ്ടായിരുന്നു. അബുദ്ദർദാഅ് പറഞ്ഞു: കടുത്ത ചൂടിലും ഞങ്ങൾ നബിയോടൊപ്പം യാത്ര ചെയ്തിട്ടുണ്ട്. ഞങ്ങളാരും നോമ്പ് നോറ്റിട്ടില്ല. എന്നാൽ നബിയും

അബ്ദുല്ലാഹിബ്നു റവാഹത്തും നോമ്പനുഷ്ഠിച്ചിട്ടുണ്ടായിരുന്നു. (ബു.1945. മു.1122)

അതിനാൽ യാത്രക്കാരൻ തന്നെയാണ് തീരുമാനിക്കേണ്ടത്, നോമ്പ് പിടിക്കണോ പിടിക്കണ്ടയോ എന്ന്. നോമ്പ് പിടിക്കാതിരിക്കുന്നത് തെറ്റല്ല. അല്ലാഹു നൽകിയ ഇളവ് സ്വീകരിക്കുന്നത് അല്ലാഹുവിന് വളരെ ഇഷ്ടമാണ്. ഏറെ ക്ലേശകരമല്ലെങ്കിൽ നോമ്പ്പിടിക്കലാണ് ഉത്തമം. അതിലൂടെ മൂന്ന് നേട്ടങ്ങൾ അവന് ലഭിക്കുന്നു. ഒന്ന് : റസൂലിനോടുള്ള അനുധാവനം, രണ്ട് : എളുപ്പം - അഥവാ ജനങ്ങളെല്ലാം നോമ്പെടുക്കുന്ന സമയത്ത് തന്നെ നോമ്പെടുക്കുന്നത് എളുപ്പമായി അനുഭവപ്പെടുന്നു. മൂന്ന് : തന്റെ ബാധ്യത നിർവ്വഹണത്തിലെ വ്യഗ്രത. വലിയ വിഷമം അനുഭവപ്പെടുന്നുവെങ്കിൽ നോമ്പ് ഒഴിവാക്കലാണ് യാത്രക്കാരന് നല്ലത്. ഇത്തരം അവസ്ഥകളിൽ നോമ്പനുഷ്ഠിക്കൽ പുണ്യം അല്ല. "ഒരു മനുഷ്യന് തണലിട്ട് കൊടുത്തുകൊണ്ട് അയാൾക്ക് ചുറ്റും ജനങ്ങൾ പൊതിഞ്ഞ് നിൽക്കുന്നത് നബി (സ) കണ്ടു. നബി ചോദിച്ചു. ആരാണത്? അവർ പറഞ്ഞു. അതൊരു നോമ്പുകാരൻ. നബി (സ) പറഞ്ഞു: യാത്രയിൽ വ്രതം പുണ്യമല്ല. (ബു. 1946 മു. 1115) നഷ്ടപ്പെട്ട ഓരോ നോമ്പും വീണ്ടെടുക്കണമെന്ന് മാത്രം.

ചോദ്യം 5: **റമളാനിലെ ഓരോ ദിവസത്തിനും വെവ്വേറെ നിയ്യത്ത് വേണ്ടതുണ്ടോ? മാസത്തേക്ക് മൊത്തം ഒരു നിയ്യത്ത് മതിയാകുമോ? നേർച്ച, പ്രായശ്ചിത്തം നോമ്പുകളുടെ നിയ്യത്തും ഇങ്ങിനെ മൊത്തത്തിൽ മതിയാകുമോ?**

മറുപടി: റമളാൻ ആദ്യത്തിൽതന്നെ മൊത്തം ഒരു നിയ്യത്ത് മതിയാകുന്നതാണ്. (സുബുലുസ്സലാം. 2/203) ഓരോ ദിവസത്തിനും വേണ്ടി പ്രത്യേകം നിയ്യത്ത് ചെയ്തില്ലെങ്കിൽ തന്നെ നോമ്പുകാരനെ സംബന്ധിച്ചിടത്തോളം മാസാദ്യത്തിലെ നിയ്യത്തിൽ തന്നെ അതുണ്ട്. എന്നാൽ മാസത്തിനിടക്ക് രോഗം, യാത്ര പോലുള്ള കാരണം കൊണ്ട് നോമ്പ്

നഷ്ടപ്പെട്ടുപോയെങ്കിൽ നിയ്യത്ത് ഇടമുറിയുകയാൽ അപ്പോൾ നിയ്യത്തിനെ പുതുക്കേണ്ടതാണ്. നേർച്ച നോമ്പിന്റെയും പ്രായശ്ചിത്ത നോമ്പിന്റെയും അവസ്ഥയും ഇത് തന്നെ. സുന്നത്ത് നോമ്പാണെങ്കിൽ നേരം പുലർന്ന ശേഷം നിയ്യത്ത് ചെയ്താലും മതിയാകുന്നതാണ്. (അൽ മദഹിബി-1/545

ചോദ്യം 6: നോമ്പില്ലാത്ത യാത്രക്കാരൻ റമളാൻ പകലിൽ നാട്ടിലെത്തിയാൽ എന്ത് ചെയ്യണം.?

മറുപടി: അയാൾ നോമ്പുകാരൻ അല്ല. നിർബന്ധ നോമ്പ് പ്രഭാതം മുതൽക്ക് തന്നെ ആരംഭിക്കേണ്ടതാണ്. എന്നാൽ ബാക്കിയുള്ള പകൽ സമയം നോമ്പ്കാരനെപ്പോലെ കഴിച്ച് കൂട്ടണം. റമളാനിനോടുള്ള ആദരവ് എന്ന നിലക്കാണത്. സ്വകാര്യമായി ഭക്ഷണം കഴിക്കുന്നതിന് വിരോധമില്ല. എന്നാൽ മറ്റൊരു ദിവസം നോറ്റ്‌വീട്ടേണ്ടതാണ്.

ചോദ്യം 7: നോമ്പിന്റെ മര്യാദകൾ ഏതെല്ലാമാണ്?

മറുപടി: "നിങ്ങൾ സൂക്ഷ്മത പാലിച്ചേക്കാം" എന്ന് ഖുർആൻ പറഞ്ഞത്പോലെ അല്ലാഹുവിന്റെ കൽപ്പനകൾ പരമാവധി പാലിക്കുകയും നിരോധനങ്ങൾ മുഴുവൻ വെടിയുകയും ചെയ്യുക. ഇതാണ് ഒന്നാമത്തെ മര്യാദ. പിന്നെ ദാനധർമ്മങ്ങൾ, പുണ്യകർമായ പ്രവർത്തനങ്ങൾ, ജനങ്ങൾക്ക് നേട്ടം മാത്രമുണ്ടാക്കുന്ന കാര്യങ്ങളിൽ ഏർപ്പെടൽ. കൂടാതെ കളവ്, ചീത്ത, തെറി, ചതി, വഞ്ചന, നിഷിദ്ധങ്ങളെ നോക്കൽ, കേൾക്കൽ ഇങ്ങിനെ അനാശാസ്യതയിലേക്ക് ഉത്തേജിതരാക്കുന്നവയെല്ലാം ഏതൊരാളും വർജ്ജിക്കേണ്ടത് തന്നെ. വിശിഷ്യ നോമ്പ്കാരനാകുമ്പോൾ.

നാളത്തെ നോമ്പിന് ഊർജ്ജം ശേഖരിക്കാനെന്നവണ്ണം അത്താഴം കഴിക്കലും അതിനെ പിന്തിക്കലും നോമ്പിന്റെ മര്യാദയിൽപെട്ടതാകുന്നു. നബി(സ) പറഞ്ഞു. നിങ്ങൾ അത്താഴം കഴിക്കണം. അതിൽ ബർക്കത്തുണ്ട്. (ബു.1923. മു. 1095) കാരക്കകൊണ്ട് അല്ലെങ്കിൽ വെള്ളം കൊണ്ട്

നോമ്പ് തുറക്കലും അത് സൂര്യൻ അസ്തമിച്ച ഉടനെ ആയിരിക്കലും നോമ്പിന്റെ മര്യാദയിൽപെട്ടതാണ്. നബി(സ) പറഞ്ഞിട്ടുണ്ട്: നോമ്പ് തുറക്കുന്നതിൽ ധൃതികാണിക്കുന്നവരൊക്കെ നേട്ടത്തിൽ നിലകൊള്ളുന്നവരായിരിക്കും (ബു.1957.മു.1098). ഐഛിക നോമ്പ് അനുഷ്ടിക്കുന്നതിന്ന് ഭർത്താവിന്റെ സമ്മതം ആരായുന്നത് ഭാര്യ പാലിക്കേണ്ട മര്യാദയാണ്.

ചോദ്യം 8: നോമ്പ് ഒഴിവാക്കാൻ അനുവദിക്കുന്ന കാരണങ്ങൾ ഏതൊക്കെയാണ്.?

മറുപടി: രോഗം, യാത്ര എന്നിവ കാരണങ്ങളാണെന്ന് ഖുർആൻതന്നെ പറഞ്ഞിട്ടുണ്ട്. ഗർഭിണി, ഗർഭസ്ഥ ശിശുവിന്റെ ആരോഗ്യത്തിൽ ആശങ്കയുള്ളവൾ, മുലപ്പാൽ കൊടുക്കുന്ന സ്ത്രീ, കുടിക്കുന്ന കുട്ടി എന്നിവരുടെ ആരോഗ്യത്തെ ഭയപ്പെടുന്നവൾ, ജീവൻ രക്ഷാ പ്രവർത്തനത്തിലേർപ്പെടുന്നവർ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുവാൻ കരുത്ത് സംഭരിക്കുന്നതിന്ന് നോമ്പ് ഒഴിവാക്കേണ്ടതുണ്ട് എന്ന് ബോധ്യമായവർ ഇവർക്കെല്ലാം നോമ്പ് ഒഴിവാക്കാവുന്നതാണ്. മക്കംഫത്ഹ് യുദ്ധവേളയിൽ റസൂലുല്ലാഹി (സ) സഹാബികളോട് പറഞ്ഞു: നിങ്ങൾ നാളെ ശത്രുക്കളെ നേരിടാൻ പോവുകയാണ്. നിങ്ങൾക്ക് നല്ലത് നോമ്പ് അനുഷ്ഠിക്കാതിരിക്കലായിരിക്കും (മു. 1120)

ഇങ്ങിനെ മതിയായ കാരണങ്ങൾകൊണ്ട് നോമ്പ് മുറിക്കേണ്ടിവന്നവർ പകലിലെ ബാക്കി സമയങ്ങളിൽ നോമ്പ് കാരായിരിക്കൽ നിർബന്ധമില്ല. നോമ്പിന്റെ പവിത്രതയെ കളങ്കപ്പെടുത്തുന്നു എന്ന കുറ്റം അവരുടെ മേൽ വരുന്നില്ല. അത്കൊണ്ടാണ് രോഗി പകലിൽ ഇടക്ക് വെച്ച് സുഖം പ്രാപിച്ചാലും ആർത്തവകാരിക്ക് പകലിൽ ശുദ്ധികൈവന്നാലും ഇവരൊന്നും ആ പകലിലെ ബാക്കി സമയം നോമ്പ്കാരായിരിക്കേണ്ടതില്ലെന്ന് വ്യക്തമാക്കിയത്.പക്ഷെ റമളാൻ മാസപ്പിറവി ഉണ്ടായിരുന്നു എന്ന് പിറ്റെ ദിവസം

പകലിൽ അറിഞ്ഞുകഴിഞ്ഞാൽ ബാക്കി സമയം അവർ നോമ്പ്കാരായിരിക്കേണ്ടതുമാണ്.

ചോദ്യം 9: നോമ്പ് മുറിക്കുന്ന കാര്യങ്ങൾ ഏതെല്ലാമാണ്.?

മറുപടി: 1. ലൈംഗിക ബന്ധം, 2. തിന്നൽ, 3. കുടിക്കൽ അല്ലാഹു(ത) പറഞ്ഞു: ഇനി ഇപ്പോൾ നിങ്ങൾ അവരുമായി (ഭാര്യയുമായി) സ്പർശനം നടത്തുകയും അല്ലാഹു നിങ്ങൾക്ക് നിശ്ചയിച്ചതിനെ നിങ്ങൾ തേടുകയും ചെയ്ത്കൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുവീൻ. കറുപ്പ് നൂലിൽ നിന്ന് പ്രഭാതമാകുന്ന വെള്ളനൂൽ നിങ്ങൾക്ക് വ്യക്തമായിത്തീരുന്നത്വരെക്കും. പിന്നെ നിങ്ങൾ രാത്രി വരെ നോമ്പ് പൂർത്തിയാക്കുക. (2.187), 4. ആർത്തവ രക്തം, പ്രസവ രക്തം എന്നിവ ഉണ്ടാവൽ. റസൂലുല്ലാഹി (സ) ഒരു സ്ത്രീയെക്കുറിച്ച് പറഞ്ഞു: അവൾ ആർത്തവകാരിയായിരിക്കുമ്പോൾ നമസ്കാരവും നോമ്പും അവൾക്ക് നിർബന്ധമില്ലല്ലോ (ബു.1951.മു.79) മേൽപറഞ്ഞ രണ്ട് കാരണങ്ങളുള്ള സ്ത്രീയുടെ നോമ്പ് സാധുവല്ലെന്ന് പണ്ഡിതന്മാർ ഐക്യപ്പെട്ടിട്ടുണ്ട്. 5. ശുക്ലം പുറത്ത് വരൽ (വികാരത്തോട് കൂടി) ഖുദുസിയ്യായ ഒരു ഹദീസിൽ വന്നിരിക്കുന്നു. അവന്റെ വികാര വിചാരങ്ങൾ നിയന്ത്രിച്ചതും അന്നപാനീയങ്ങൾ വെടിഞ്ഞതും ഞാൻ (കൽപ്പിച്ച) കാരണത്താൽ മാത്രമാണ്. (ഇബ്നുമാജഹ് 1/118). നിങ്ങളുടെ ഓരോ അവയവത്തിലുമുണ്ട് ധർമ്മം. അവർചോദിച്ചു: റസൂലേ! തന്റെ വികാരശമനത്തിന് ചെല്ലുന്നതിനും പ്രതിഫലമുണ്ടെന്നോ? നബി(സ) പറഞ്ഞു: നിഷിദ്ധമായതിലാണ് അവനത് നിക്ഷേപിച്ചിരുന്നതെങ്കിൽ അത് കുറ്റകരമാകില്ലേ - അത്പോലെ അനുവദനീയമായതിൽ നിക്ഷേപിച്ചതിന്ന് പ്രതിഫലവുമുണ്ട്. (മുസ്ലിം. 1006). നിക്ഷേപിച്ചു എന്ന് പറഞ്ഞത് ശുക്ലത്തെക്കുറിച്ചാണ്. അത് കൊണ്ടാണ് സംയോഗമല്ലാത്ത എന്നാൽ സ്പർശനത്തോടും വികാരത്തോടും കൂടിതന്നെയാണെങ്കിലും ശുക്ല സ്രാവത്തിന് മുമ്പ് സ്രവിക്കുന്ന ജലം പുറപ്പെട്ടാൽ നോമ്പ്

മുറിയുകയില്ലെന്ന വാദത്തിന് മുൻഗണന നൽകപ്പെട്ടിരിക്കുന്നത്., 6. കരുതിക്കൂട്ടി ചർദ്ദിക്കൽ. അബൂ ഹുറൈറ നിവേദനം, നബി(സ) പറഞ്ഞു: കരുതിക്കൂട്ടി ചർദ്ദിച്ചതാണെങ്കിൽ നോറ്റ്വീട്ടണം. ചർദ്ദി വരുത്തിയതല്ലെങ്കിൽ നോറ്റ്വീട്ടേണ്ടതില്ല. (അബൂദാവൂദ് 1/331, തിർമുദി 716)., 7. ഭക്ഷണം കുത്തിവെക്കൽ. ഇത് ഭക്ഷണവും വെള്ളവും കഴിക്കലല്ലെങ്കിൽ തന്നെയും കഴിച്ചതിന്റെ ഫലം തികച്ചും ലഭിക്കുന്ന രീതിയാണ്. അതുകൊണ്ട്തന്നെ രണ്ടിന്റെയും വിധി തുല്യമായിരിക്കും. എന്നാൽ ഭക്ഷണത്തിന്ന് വേണ്ടിയല്ലാത്ത മറ്റ് കുത്തിവെപ്പുകൾ ഞരമ്പിലൂടെയോ ശരീരത്തിലെ മറ്റേത് ഭാഗങ്ങളിലൂടെയോ നൽകുന്നത് നോമ്പിന്ന് ഭംഗംവരുത്തുന്നതല്ല.

നബി(സ) പറഞ്ഞതായി നമുക്ക് കാണാം - എന്റെ സമുദായത്തിൽ സംഭവിക്കുന്ന പിഴവും മറതിയും നിർബന്ധിക്കപ്പെട്ടവയുമെല്ലാം പൊറുക്കപ്പെട്ടിരിക്കുന്നു(ഇബ്നുമാജഹ് 1/149) അപ്പോൾ പൊടിപടലങ്ങൾ പാറി മൂക്കിലൂടെ അന്നനാളത്തിലെത്തിയാലും നോമ്പ് മുറിയുകയില്ല. കാരണം അതവൻ കരുതിക്കൂട്ടിയതല്ല. നോമ്പ് മുറിക്കാൻ നിർബന്ധിക്കപ്പെട്ടവന്റെയും ഉറക്കത്തിൽ ഇന്ദ്രിയ സ്കലനം ഉണ്ടായവന്റെയും ലൈംഗിക ബന്ധത്തിന് നിർബന്ധിക്കപ്പെട്ട ഭാര്യയുടെയും നോമ്പ് സാധുവാകുന്നു. ഇവരാരും കരുതിക്കൂട്ടിക്കൊണ്ടല്ല അത് സംഭവിച്ചിരിക്കുന്നത്. (അൽമദാഹിബി-1/560)

ചോദ്യം 10: റമളാൻ നോമ്പ് നിർബന്ധമുള്ളവൻ ലൈംഗിക ബന്ധത്തിലേർപ്പെട്ടാൽ എന്താണതിന്റെ വിധി?

മറുപടി: റമളാൻ നോമ്പ് നിർബന്ധമുള്ളൊരാൾ പകലിൽ ലൈംഗിക ബന്ധത്തിലേർപ്പെട്ടാൽ അഞ്ച് കാര്യങ്ങൾ അവന്റെ മേൽനിർബന്ധമായിത്തീർന്നു. 1. അതിന്റെ കുറ്റം, 2. ശേഷിച്ച സമയം നോമ്പ്കാരനായിരിക്കൽ., 3. ആ നോമ്പ് നഷ്ടമാകൽ., 4. പകരം നോറ്റ് വീട്ടൽ., 5. തെണ്ടം കൊടുക്കൽ.

മേൽ കാര്യങ്ങളെക്കുറിച്ച് നേരത്തെ അറിവുള്ളവൻ എന്നോ അറിവില്ലാത്തവൻ എന്നോ വ്യത്യാസമില്ല. കാരണം അവൻ കരുതിക്കൂട്ടിയാണ് നോമ്പ് മുറിച്ചിരിക്കുന്നത്. അബൂ ഹുറൈറയിൽ നിന്നുള്ള ഒരു ഹദീസിൽ കാണാം. ഒരാൾ നബിയുടെ അരികെ വന്ന്കൊണ്ട് പറഞ്ഞു: റസൂലെ! ഞാൻ നശിച്ചു. നബി, എന്തേ നീ നശിച്ചത്? നോമ്പ് നോറ്റ്കൊണ്ട് ഞാൻ റമളാനിൽ ഭാര്യയുമായി ബന്ധപ്പെട്ടു. (ബു. 1936, മു. 1111) നബി(സ) അദ്ദേഹത്തോട് തെണ്ടം കൊടുക്കാൻ വേണ്ടി കൽപ്പിച്ചു. ഇങ്ങിനെ ഒരു തെണ്ടം കൊടുക്കുന്നതിനെ സംബന്ധിച്ച് അദ്ദേഹത്തിന്റെ മുൻ അറിവിനെ നബി (സ) അന്വേഷിച്ചില്ല എന്ന കാര്യം പ്രത്യേകം ഓർക്കുക.

റമളാൻ നോമ്പ് നിർബന്ധമുള്ള ഒരാൾ എന്ന് പറഞ്ഞത് യാത്രക്കാർ പോലുള്ളവർ തെണ്ടം കൊടുക്കുന്നതിൽനിന്ന് ഒഴിവാണെന്ന് ഓർമ്മിപ്പിക്കാനാണ്. നോമ്പുള്ള യാത്രക്കാരായ ദമ്പതിമാർ റമളാൻ പകലിൽ ലൈംഗിക വേഴ്ചയിലേർപ്പെട്ടാൽ തെണ്ടം കൊടുക്കേണ്ടതില്ല. കാരണം അവർ തങ്ങളുടെ വ്രതം പൂർത്തിയാക്കുകയും ആക്കാതിരിക്കുകയും ചെയ്യാൻ സ്വാതന്ത്ര്യമുള്ളവരാണ്.

ചോദ്യം 11: നോമ്പ് മുറിക്കുകയാണെന്ന് കരുതി, പക്ഷെ തിന്നുകയോ കുടിക്കുകയോ ചെയ്തില്ല. നോമ്പ് മുറിയുമോ?

മറുപടി: നോമ്പ് മുറിക്കണമെന്ന് തീരുമാനിക്കുകയും അതിനുള്ള പ്രവർത്തനത്തിൽ ഏർപ്പെടുകയും ചെയ്താൽ നോമ്പ് നഷ്ടപ്പെട്ടത് തന്നെ. എന്നാൽ ഇത് റമളാനിലാണെങ്കിൽ സൂര്യാസ്തമയം വരെ അവൻ നോമ്പുകാരനായിരിക്കുന്നതോടൊപ്പം മറ്റൊരു ദിവസം പകരം നോമ്പനുഷ്ഠിക്കുകയും ചെയ്യേണ്ടതാണ്.

എന്നാൽ തീരുമാനിച്ചില്ല. എന്ത് വേണമെന്ന് സംശയിക്കുക മാത്രം ചെയ്തു. പണ്ഡിതന്മാർ ചിലർ പറഞ്ഞത് അവന്റെ നോമ്പ് നഷ്ടപ്പെട്ടു എന്നാണ്. കാരണം സംശയം തീരുമാ

നത്തിനെതിരാണ്. ചിലർ പറഞ്ഞത് നോമ്പ് നഷ്ടപ്പെട്ടിട്ടില്ല. കാരണം നോമ്പ് മുറിക്കുകയോ നഷ്ടപ്പെടുത്തുകയോ ചെയ്യാത്ത കാലത്തോളം അവന്റെ നിയ്യത്ത് നിലവിലുണ്ട്. ഇതാണ് ഏറെക്കുറെ ശരി. (ഫതാവ അർകാനുൽ ഇസ്ലാം-ഉസൈമീൻ - 466)

ചോദ്യം 12: നോമ്പാണെന്നകാര്യം മറന്ന്കൊണ്ട് എന്തെങ്കിലും ഭക്ഷിച്ച് പോവുകയോ ലൈംഗിക ബന്ധത്തിലേർപ്പെട്ട് പോവുകയോ ചെയ്താൽ എന്ത് ചെയ്യണം?

മറുപടി: ഓർമ്മവന്ന ഉടനെ വായയിൽ അകപ്പെട്ട് പോയ മുഴുവൻ ഭക്ഷ്യവസ്തുക്കളും പുറത്തേക്കൊഴിക്കണം. അവന്റെ നോമ്പ് സാധുവാണ്. തെളിവ് അബൂഹുറൈറയിൽനിന്നുദ്ധരിക്കുന്ന ഒരു ഹദീസാണ്. നോമ്പ്കാരൻ മറന്ന്കൊണ്ട് തിന്നുകയോ കുടിക്കുകയോ ചെയ്താൽ നോമ്പ് പൂർത്തിയാക്കട്ടെ. കാരണം അല്ലാഹുവാണ് അവനെ തീറ്റിയതും കുടിപ്പിച്ചതും(ബു.1933.മു.1155).നോമ്പാണെന്നകാര്യം മറന്നുകൊണ്ടോ അനനുവദനീയമാണെന്ന അറിവില്ലായ്മ കൊണ്ടോ ലൈഗിക ബന്ധത്തിലേർപ്പെട്ടുപോയാലും നോമ്പ് മുറിയുന്നതല്ല.മറന്നുകൊണ്ട് തെറ്റ് ചെയ്താൽ ശിക്ഷിക്കപ്പെടുകയില്ല. ഖുർആൻ പറഞ്ഞു“മറന്ന് കൊണ്ടോ പിഴവ്മൂലമോ ഞങ്ങൾ ചെയ്ത്പോയതിന്ന് ഞങ്ങളെ ശിക്ഷിക്കരുതേ നാഥാ’’ അല്ലാഹു പറഞ്ഞു:അതെ, നാമങ്ങിനെ തീരുമാനിച്ചിരിക്കുന്നു.(തഫ്സീറുഫത്ഹുൽഖദീർ. 62)

ചോദ്യം 13: ഭക്ഷണം രുചി നോക്കുന്നത്കൊണ്ട് നോമ്പ് നഷ്ടപ്പെടുമോ?

മറുപടി: കീഴ്പോട്ട് ഇറങ്ങാതെയാണെങ്കിൽ ഭക്ഷണം രുചിനോക്കുന്നത്കൊണ്ട് നോമ്പ് നഷ്ടപ്പെടുകയില്ല. പക്ഷെ അങ്ങിനെ ചെയ്യേണ്ട അത്യാവശ്യം വന്നങ്കിലെ അത് ചെയ്യാവൂ. ആ അവസരത്തിൽ ഭക്ഷ്യ വസ്തുക്കൾ വല്ലതും അബദ്ധത്തിൽ അകത്ത് ചെന്ന്പോയാൽ നോമ്പ് മുറിയുകയില്ല.

ചോദ്യം 14: നോമ്പുള്ളൊരു യാത്രക്കാരൻ മക്കയിൽ എത്തി ഉംറ നിർവ്വഹണത്തിന്റെ എളുപ്പത്തിന് വേണ്ടി അയാൾക്ക് നോമ്പ് മുറിക്കാമോ?

മറുപടി: ഫത്ഹ് വർഷം റമളാൻ ഇരുപതിന്നാണ് നബി (സ) മക്കയിൽ പ്രവേശിച്ചത്. അന്ന് നബി (സ)ക്ക് നോമ്പുണ്ടായിരുന്നില്ല. അവിടെ വെച്ച് രണ്ട് റക്അത്ത് നമസ്കരിച്ചു. പിന്നെ മക്കക്കാരോട് നബി (സ) പറഞ്ഞു. മക്കക്കാരേ! നിങ്ങൾ നോമ്പ് പൂർത്തിയാക്കുക. ഞങ്ങൾ യാത്രക്കാരാണ്. (സീറത്തിറസൂൽ-ഇബ്നുകസീർ,1-202) സ്വഹീഹുൽ ബുഖാരിയിൽ കാണുന്നത് നബി (സ) ആ മാസത്തിൽ പിന്നെ നോമ്പ് എടുത്തിട്ടേ ഇല്ല എന്നാണ്. (ബുഖാരി. 4275) കാരണം നബി (സ) യാത്രക്കാരനായിരുന്നു. ഉംറക്ക് വേണ്ടിയുള്ള യാത്ര മക്കയിൽ എത്തുന്നതോടെ അവസാനിക്കുന്നില്ല. നോമ്പില്ലാതെ മക്കയിൽ എത്തിയാൽ നോമ്പ്കാരനെപ്പോലെയായിക്കൊള്ളണമെന്ന് നിർബന്ധവുമില്ല. യാത്രയിൽ നോമ്പ് പിടിക്കുന്നത് കൊണ്ട് പ്രയാസമൊന്നുമില്ലെന്ന് പറഞ്ഞ് യാത്രയിൽ മുഴുവൻ നോമ്പ് പിടിക്കുകയും മക്കയിൽ എത്തുമ്പോഴേക്ക് അവശനായിത്തീരുകയും ചെയ്യുന്നു. ഇത്തരം ആളുകൾ ഈ നോമ്പിൽ നിലകൊള്ളണോ നോമ്പ് തുറന്നിട്ട് ഉംറ ചെയ്യാമെന്ന് വെക്കണോ അതോ ഇപ്പോൾ തന്നെ ഉംറ നിർവ്വഹണത്തിന് വേണ്ടി നോമ്പ് മുറിക്കണോ?

ഇത്തരം ഒരവസ്ഥയിൽ ഉന്മേഷത്തോടെ ഉംറ ചെയ്യാൻ സാധിക്കേണ്ടുന്നതിന്ന് നോമ്പ് മുറിക്കണം. മക്കയിലെത്തിയ ഏതൊരാളും ഏറ്റവും ആദ്യം ചെയ്യേണ്ടത് ഉംറയാണ്. നബി (സ) മക്കയിലെത്തിയാൽ വാഹനം പള്ളിക്കരികെ നിർത്തി പള്ളിയിൽ പ്രവേശിച്ച് ഏതൊരു ലക്ഷ്യത്തിന് വേണ്ടിയായിരുന്നോ വസ്ത്രം ധരിച്ചത് ആ കർമ്മം ചെയ്യുമായിരുന്നു. അതിനാൽ ഉംറ ഉദ്ദേശിച്ച്വന്നവരൊക്കെ നോമ്പ് തുറന്നതിന് ശേഷം രാത്രിയിൽ ഉംറ ചെയ്യാമെന്ന് വെക്കാതെ ഉന്മേഷത്തോടെ പകലിൽ തന്നെ ഉംറ നിർവ്വഹിക്കലാണ് ഉത്തമം.

ചോദ്യം 15: ക്ലേശകരമായ ജോലി ചെയ്യുന്ന ഏതൊരാൾക്കും നോമ്പനുഷ്ഠിക്കുന്നത് പ്രയാസകരമായിരിക്കുമല്ലോ, അയാൾക്ക് നോമ്പ് എടുക്കാതിരുന്നുകൂടെ?

മറുപടി: ജോലിക്ക് വേണ്ടി നോമ്പ് നോൽക്കാതിരിക്കൽ നിഷിദ്ധമാണ്. അനുവദനീയമല്ല. നോമ്പും ജോലിയും ഒന്നിച്ച് കൊണ്ട്പോവാൻ കഴിയാത്തവർ നോമ്പിന് വേണ്ടി ലീവെടുക്കണം. ഇസ്‌ലാമിന്റെ സ്തംഭങ്ങളിൽപ്പെട്ടതാണ് നോമ്പ്. അതിൽ വീഴ്ച്ച വരുത്താവതല്ല.

ചോദ്യം 16: തന്റെയും മക്കളുടെയും നിത്യവൃത്തിക്ക് വേണ്ടി അദ്ധ്വാനിക്കുന്ന കാരണത്താൽ നോമ്പ് ഒഴിവാക്കിയാൽ എന്താണതിന്റെ വിധി?

മറുപടി: രോഗിക്ക് നോമ്പ് ഒഴിവാക്കാമല്ലോ, അത്പോലെ മുകളിൽ പറഞ്ഞ കാരണങ്ങൾകൊണ്ട് - അഥവാ ഉപജീവനത്തിന് വേണ്ടി നോമ്പ് ഉപേക്ഷിക്കുക മാത്രമേ വഴിയുള്ളൂ എന്ന്വന്നാൽ ആ നോമ്പിനെ മറ്റൊരിക്കൽ നോറ്റ് വീട്ടണം. (ഇആനത്ത് 231) എന്നാൽ നോമ്പ് ഉപേക്ഷിച്ചതിന്ന് ഇങ്ങിനെ ഒരു ന്യായീകരണം നൽകാനാകുന്നില്ലെങ്കിലോ - നബി (സ)യുടെ ഒരു വചനമുണ്ട്. നമ്മുടെ കൽപ്പനയില്ലാത്ത ഏതൊരു കർമ്മവും ആര് അനുഷ്ഠിച്ചാലും അത് തള്ളപ്പെടേണ്ടതാണ്. (ഫത്ഹുൽ ബാരി 6/176. മു.1718). എന്നാൽ അറിവില്ലായ്മ, മറവി എന്നിവകൊണ്ടായാലോ - മറവിയുടെ കാര്യത്തിൽ നബി (സ) പറഞ്ഞു: നമസ്കാരത്തിന്റെ കാര്യം മറക്കുകയോ ഉറങ്ങിപ്പോവുകയോ ചെയ്താൽ ഓർമ്മ വരുമ്പോൾ അവൻ നമസ്കരിച്ച്കൊള്ളണം. (മുസ്‌ലിം 680) അല്ലാതെ അതിന് മറ്റൊരു പ്രായശ്ചിത്തമില്ല.

ചോദ്യം 17: നോമ്പ് രോഗം വർദ്ധിപ്പിക്കുമെന്നോ രോഗം സുഖപ്പെടാൻ നോമ്പ് കാലതാമസം വരുത്തുമോന്നോ ഒരു ഡോക്ടർ പറഞ്ഞാൽ രോഗി എന്ത് ചെയ്യണം?

മറുപടി: അല്ലാഹു(ത) പറഞ്ഞു: ആരെങ്കിലും രോഗിയോ യാത്ര യിലോ ആയിരുന്നാൽ മറ്റു ദിവസങ്ങളിൽനിന്ന് അത്ര എണ്ണം പൂർത്തിയാക്കണം. അല്ലാഹു നിങ്ങളിൽ എളുപ്പത്തെ ഉദ്ദേ ശിക്കുന്നു. നിങ്ങളിൽ അവൻ ഞെരുക്കത്തെ ഉദ്ദേശിക്കു ന്നുമില്ല (2:185) ഡോക്ടറുടെ വിലക്കിനെ അനുസരിച്ച് കൊണ്ട് ഈ രോഗി നോമ്പ് ഒഴിവാക്കി സുഖം പ്രാപിക്കുമ്പോൾ അത് നോറ്റ്വീട്ടുക. സുഖം പ്രാപിക്കുമെന്ന് പ്രതീക്ഷയില്ലെ ങ്കിൽ ഒരോ ദിവസത്തിനും വേണ്ടി ഒരോ പാവപ്പെട്ടവന്ന് ഭക്ഷണം കൊടുക്കുകയാണ് വേണ്ടത്.

ചോദ്യം 18: "ശ്വാസം മുട്ടൽ" രോഗത്തിന് ആവിപിടിച്ചാൽ നോമ്പ് മുറിയുമോ?

മറുപടി: ആവി ആമാശയത്തിലേക്ക് എത്തുന്നൊരു വസ്തു ആയി ട്ടല്ല ഉള്ളത് എന്നതിനാൽ നോമ്പ് മുറിയുകയില്ല. അത് ആവി യായികൊണ്ട് മാത്രം ഉള്ളിൽ സഞ്ചരിക്കുന്ന ഒന്നാണെ ന്നതിനാൽ നോമ്പ്കാരന് അത് ഉപയോഗിക്കാം. നോമ്പ് നഷ്ടപ്പെടുന്നതല്ല.

ചോദ്യം 19: മുല കൊടുക്കുന്ന അമ്മക്ക് നോമ്പ് ഒഴിവാക്കാമോ? അവൾ നോമ്പ്നോറ്റ് വീട്ടേണ്ടത് എപ്പോഴാണ്. തെണ്ടം കൊടുക്കേണ്ടതുണ്ടോ?

മറുപടി: മുലയൂട്ടുന്ന അമ്മ തന്റെ നോമ്പ്കൊണ്ട് മുലപ്പാൽ വറ്റു മെന്നോ ആ പാൽ കുട്ടിക്ക് ദോഷംചെയ്യുമെന്നോ ഭയ ക്കുന്നുവെങ്കിൽ അവൾ വ്രതമെടുക്കേണ്ടതില്ല.(അൽ മദാ ഹിബി- 1/573) പക്ഷെ രോഗിക്കെന്നപോലെ അവൾക്കും നോറ്റ് വീട്ടൽ നിർബന്ധമാണ്. അൽബഖറ 185ൽ പറഞ്ഞ താണ് ഇതിന്നും തെളിവായി പറയാനുള്ളത്. മേൽ ഭയം നീങ്ങിക്കഴിഞ്ഞാൽ നോറ്റ്വീട്ടാനായിട്ട് ഏത് ദിവസവും ഉപയോഗപ്പെടുത്താം. എന്നാൽ തെണ്ടം കൊടുക്കേണ്ടത് നോമ്പ് നോറ്റ്വീട്ടാൻ ഒരിക്കലും കഴിയില്ലെന്ന് ഉറപ്പുള്ള വർ മാത്രമാണ്. അവർക്കത് നോമ്പിന്ന് പകരം നിൽക്കു ന്നതുമാണ്. ഗർഭിണിയുടെ സ്ഥിതിയും ഇങ്ങനെത്തന്നെ.

ചോദ്യം 20: പല്ല് പറിക്കുന്നതും കൊമ്പ് വെക്കുന്നതും നോമ്പ് മുറിയാൻ കാരണമാകുമോ?

മറുപടി: പല്ല് പറിക്കുന്നത്കൊണ്ട് നോമ്പിന് യാതൊരു തകരാറുമില്ല. ചികിത്സാർത്ഥം തലയിലോ മറ്റോ കുത്തി മുറിവുണ്ടാക്കി അതിൽ നിന്ന് രക്തം ഈമ്പിയെടുക്കുന്ന ഒരു സമ്പ്രദായം മുമ്പ് കാലങ്ങളിലുണ്ടായിരുന്നു. കൊമ്പ് വെക്കുക എന്നാണതിന്ന് പറഞ്ഞിരുന്നത് . മാലിക്, അബൂ ഹനീഫ, ശാഫിഈ എന്നീ മൂന്ന് ഇമാമുകൾ കൊമ്പ് വെച്ചാൽ നോമ്പ് മുറിയുകയില്ലെന്ന അഭിപ്രായക്കാരാണ്. (അൽ മദാഹിബി – 1/569) എന്നാൽ ഇമാം അഹ്മദ് കൊമ്പ് വെച്ചവന്റെയും വെപ്പിച്ചവന്റെയും നോമ്പ് മുറിയുമെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. (സുബുലുസ്സലാം 2/231) കൊമ്പ് വെക്കുന്നതിനെക്കുറിച്ച് വന്നിട്ടുള്ള ഹദീസുകളിൽ ചില വൈരുദ്ധ്യങ്ങൾവന്നതാണ് അഭിപ്രായവ്യത്യാസത്തിന് കാരണം.

ചോദ്യം 21: നോമ്പ്കാരന്റെ രക്തം കുത്തി എടുക്കുന്നത് കൊണ്ട നോമ്പ് മുറിയുമോ?

മറുപടി: പരിശോധനക്ക് വേണ്ടി രക്തം എടുക്കുന്നത് കൊണ്ട് നോമ്പിന്ന് കുഴപ്പമൊന്നുമില്ല. രോഗ നിർണ്ണയത്തിനാവശ്യമാണെന്ന് ഡോക്ടർ നിർദ്ദേശിച്ചതനുസരിച്ച് ശരീരത്തിൽ നിന്ന് അൽപ്പം രക്തം എടുക്കുന്നത്കൊണ്ട് കൊമ്പ്വെക്കുന്നത് മൂലമുണ്ടാവുന്നത്ര പ്രതികരണങ്ങളൊന്നും ശരീരത്തിൽ കാണപ്പെടുകയുമില്ല. എന്നാൽ മറ്റൊരാളിൽ രക്തം കുത്തിവെക്കുന്നതിന് വേണ്ടി തന്റെ രക്തം അധികമായി എടുക്കുന്നത് നോമ്പ് മുറിയുന്നതിന് കാരണമാകും. അത് കൊണ്ട് നിർബന്ധ നോമ്പ്കാരൻ രക്തം ദാനം നടത്തരുത്. പക്ഷെ നോമ്പ് തുറക്കുന്നതിന്റെ മുമ്പ് തന്നെ തന്റെ രക്തം ലഭിക്കൽ നിർബന്ധമാണെന്നും അനുയോജ്യമായ രക്തമാണ് തന്റേതെന്നും ഒരു ഡോക്ടർ നിർദ്ദേശിച്ച് കഴിഞ്ഞാൽ ദാനം ചെയ്യൽ നിർബന്ധമായി. അതോടെ അവന്റെ നോമ്പ് മുറിഞ്ഞു. ആരോഗ്യം വീണ്ടെടുക്കാനായിട്ട് തിന്നുകയും കുടിക്കുകയും ചെയ്യുക. നോമ്പ് നോറ്റ്

വീട്ടുകയും ചെയ്യുക.

ചോദ്യം 22: സ്വയംഭോഗം നോമ്പ് മുറിക്കുമോ? അതിന്ന് തെണ്ടം കൊടുക്കേണ്ടതുണ്ടോ?

മറുപടി: സ്വയംഭോഗം നടത്തുകയും ശുക്ലം പുറത്ത് വരികയും ചെയ്താൽ നോമ്പ് മുറിയുന്നതാണ്. ആ നോമ്പ് വീട്ടേണ്ട തുമാണ്. ലൈംഗിക ബന്ധം നടത്തിയാലല്ലാതെ തെണ്ടം കൊടുക്കേണ്ടതില്ല. അല്ലാഹുവിനോട് പശ്ചാതപിച്ച് മടങ്ങേ ണ്ടതാണ്. ചുംബനംകൊണ്ട് നോമ്പ് മുറിയുന്നതല്ല. നോട്ട ത്തിലൂടെ ആസ്വാദനം കൊള്ളുകയും അത് കൊണ്ട് മാത്രം സ്കലനം ഉണ്ടാവുകയും ചെയ്താലും നോമ്പ് മുറിയുന്ന തല്ല. (അൽ മദാഹിബി-1/569)

ചോദ്യം 23: പകൽ ഉറക്കത്തിൽ സ്വപ്നസ്കലനം ഉണ്ടായാൽ അയാ ളുടെ നോമ്പ് സാധുവാകുമോ?

മറുപടി: അതെ, സാധുവാണ്. കാരണം അതവന്റെ പ്രവർത്തനം കൊണ്ടുണ്ടായതല്ല. “ഉറക്കത്തിൽ സംഭിവിക്കുന്നവയുടെ പേരിലുള്ള പേന ഉയർത്തപ്പെട്ടിരിക്കുന്നു” ഒരു കാര്യം ഉണർത്തട്ടെ - ഏറെ ആളുകളും റമളാൻ മാസരാവുകൾ യാതൊരു പ്രയോജനവുമില്ലാതെ ഉറക്കമിളച്ച് പാഴാക്കുന്നു. പകലായിക്കഴിഞ്ഞാൽ നന്നായി ഉറങ്ങുകയും ചെയ്യുന്നു. ഇത് ശരിയല്ല. പുണ്യകർമ്മങ്ങൾ, സ്തോത്രങ്ങൾ, ധ്യാന ങ്ങൾ, ഖുർആൻ പാരായണം എന്നിങ്ങനെ അല്ലാഹുവി നോടുള്ള സാമീപ്യ മാർഗ്ഗങ്ങളിൽ കഴിച്ചുകൂട്ടേണ്ട വില പ്പെട്ട സമയങ്ങളാണവയെന്നോർക്കണം.

ചോദ്യം 24: മതിയായ കാരണമുണ്ടായപ്പോൾ നോമ്പ് മുറിച്ചു. എന്നാൽ ആ കാരണം ഇടക്ക് വെച്ച് നീങ്ങി. പകലിലെ ബാക്കിവന്ന സമയം അവൻ നോമ്പ്കാരനെപ്പോലെയാ യിരിക്കേണ്ടതുണ്ടോ?

മറുപടി: ഇല്ല, ശറഇന്റെ പിൻബലത്തിലാണവൻ നോമ്പ് മുറിച്ചിരി ക്കുന്നത്. മരുന്ന് കഴിക്കൽ അത്യാവശ്യമായ രോഗി നോമ്പ്

മുറിക്കുന്നു. അവിടെ നോമ്പിന്റെ പവിത്രതക്ക് കോട്ടം തട്ടുന്ന പ്രശ്നം അവനെ സംബന്ധിച്ചിടത്തോളം ഇല്ല. എന്നാലും പകരം ഒരു നോമ്പ് അവൻ അനുഷ്ഠിക്കണം. ഉദാഹരണം - ഒരാൾ മുങ്ങിമരിക്കാൻ പോകുന്നു. നോമ്പ് മുറിച്ചാലേ തനിക്കയാളെ രക്ഷപ്പെടുത്താൻ കഴിയൂ എന്ന് തോന്നി നോമ്പ് മുറിച്ച് മറ്റവനെ രക്ഷപ്പെടുത്തി. പകലിൽ ശേഷിച്ച സമയം യഥേഷ്ടം ഭക്ഷണം കഴിക്കാം. ഒരു രോഗി നാം അവനോട് വിശക്കുമ്പോൾ മാത്രമേ ഭക്ഷിക്കാവൂ. ദാഹിക്കുമ്പോൾ മാത്രമേ വെള്ളം കുടിക്കാവൂ എന്ന് പറയാറില്ല. കാരണം ഇവർക്കെല്ലാം നോമ്പ് മുറിക്കൽ അനുവദനീയമാണ്. അപ്പോൾ പ്രമാണങ്ങളുടെ പിൻബലത്തിൽ നോമ്പ് മുറിച്ചതാണെങ്കിൽ ബാക്കിവരുന്ന പകലിൽ നോമ്പ്കാരനായിരിക്കേണ്ടതില്ലെന്ന് ചുരുക്കം. പ്രതിബന്ധങ്ങളൊന്നുമില്ലാതെ - ശറഇന്റെ അനുവാദമില്ലാതെയാണെങ്കിൽ അവിടെ നോമ്പിന്റെ പവിത്രതക്ക് കോട്ടം തട്ടിയിരിക്കുന്നു. അത് കൊണ്ട് നോമ്പ്കാരനായി കഴിച്ച്കൂട്ടേണ്ടതും മറ്റൊരു ദിവസം നോമ്പ് നോറ്റ് വീട്ടേണ്ടതുമാണ്.

ചോദ്യം25: നാളത്തെ നോമ്പ് അനുഷ്ഠിക്കുന്നു എന്ന് നിയ്യത്ത് ചെയ്തു. റമളാനാണെങ്കിൽ നിർബന്ധ നോമ്പെന്നും അല്ലെങ്കിൽ ഐഛരിക നോമ്പെന്നും കരുതി. ആ ദിവസം റമളാനാണെങ്കിൽ നോറ്റ നോമ്പ് റമളാൻ നോമ്പായി ഗണിക്കുമോ?

മറുപടി: ഇല്ല, കാരണം സംശയത്തോട്കൂടിയാണ് നോറ്റത് എന്നത് തന്നെ. (അൽ ഉമ്മ് 2/56) അമ്മാർ (റ) പറഞ്ഞു: സംശയമുള്ള ദിവസം നോമ്പ് നോറ്റവൻ അബുൽ ഖാസിം (നബി) നെ ധിക്കരിച്ചവനായിരിക്കുന്നു (അബൂദാവൂദ്. 1/326, തുർമുദി 3/366) സംശയമുള്ള ദിവസം എന്ന് പറഞ്ഞത് ശഅബാൻ മുപ്പതാണോ റമളാൻ ഒന്നാണോ എന്ന് സംശയിക്കുന്ന ദിവസത്തെ ഉദ്ദേശിച്ചാണ്. (സുബുലു- 2/218)

ചോദ്യം26: വിശപ്പും ദാഹവും സഹിക്കവയ്യാതെ പകൽ ഏതാണ്ടും

തളർന്നവനായി കഴിച്ചുകൂട്ടിയാൽ അത് നോമ്പിനെ ബാധിക്കുമോ?

മറുപടി: ഇല്ല, അത്തരം ആളുകൾക്ക് അധികരിച്ച പ്രതിഫലമുണ്ടെ ന്നാണ് പഠിപ്പിക്കപ്പെട്ടത്. ആയിശ(റ)യോട് റസൂലുല്ലാഹി (സ) പറഞ്ഞു. പ്രതിഫലം നിന്റെ തളർച്ചയുടെ തോതനു സരിച്ചായിരിക്കും ലഭിക്കുക (ബു. 1787 മു. 1211) എന്നാൽ വെള്ളം കൊണ്ട് തണുപ്പിക്കുക. തണുപ്പുള്ള സ്ഥലത്ത് കഴിച്ചുകൂട്ടുക എന്നിവയെല്ലാം ചെയ്യാവുന്നതാണ്.

ചോദ്യം27: നോമ്പ്കാരന്റെ മോണയിൽ നിന്ന് രക്തം പൊടിഞ്ഞാൽ നോമ്പ് മുറിയുമോ?

മറുപടി: ഇല്ല, പക്ഷെ വായിലൂടെ ഉള്ളിലേക്ക് അൽപമെങ്കിലും കടന്ന് പോവുന്നത് സൂക്ഷിക്കണം. മൂക്കിലൂടെ രക്തം വന്നാലും ഉള്ളിലേക്ക് കടക്കുന്നതിനെ സൂക്ഷിക്കണമെന്നേ ഉള്ളൂ ഇതിന്റെ പേരിൽ നോമ്പ് നോറ്റ് വീട്ടേണ്ടതില്ല.

ചോദ്യം28: ഒരു പെൺകുട്ടി ആർത്തവകാരിയായിട്ടും അജ്ഞത കാരണം അവൾ നോമ്പനുഷ്ടിച്ചു. അതിന്റെ പേരിൽ തെണ്ടം കൊടുക്കേണ്ടതുണ്ടോ?

മറുപടി: ആർത്തവകാലത്ത് നോറ്റ നോമ്പെല്ലാം വീണ്ടും നോൽക്ക ണം. ആർത്തവകാലത്തെ നോമ്പ് സ്വീകാര്യമല്ല. അജ്ഞത ഇവിടെ പരിഗണനീയവുമല്ല. നോറ്റതിന്റെ പേരിൽ തെണ്ടം കൊടുക്കേണ്ടതില്ല. പെൺകുട്ടി ആർത്തവകാരിയായിക്ക ഴിഞ്ഞാൽ നാണം കൊണ്ട് വീട്ടുകാരോട് പറഞ്ഞില്ലെന്ന് വന്നേക്കും. പക്ഷെ നോമ്പ് അനുഷ്ടിച്ചിരുന്നില്ലെങ്കിലും അത്രയും ദിവസത്തിന് പകരം മറ്റുമാസങ്ങളിൽ അവൾ നോമ്പനുഷ്ടിക്കാൻ കടപ്പെട്ടവളാണ്. കാരണം ആർത്തവം ആവുന്നതോടെ അവൾ ഇസ്ലാമിക നിയമങ്ങൾക്ക് കടപ്പെ ട്ടവളായിത്തീരുന്നു. അത് പ്രായപൂർത്തിയായതിന്റെ പല അടയാളങ്ങളിൽ ഒന്നാണ്.

ചോദ്യം29: ആർത്തവകാരി പ്രഭാതത്തിന് മുമ്പ് ശുദ്ധിയാവുകയും

പ്രഭാതത്തിനുശേഷം കുളിക്കുകയും ചെയ്താൽ അവ ളുടെ നോമ്പിന്റെ വിധി എന്താണ്?

മറുപടി: പ്രഭാതത്തിന് മുമ്പേ ശുദ്ധി ആയി എന്ന് ഉറപ്പുണ്ടെങ്കിൽ നോമ്പിന് കുഴപ്പമില്ല. അതേസമയം അസ്തമയത്തിന് തൊട്ട്മുമ്പ് രക്തം കണ്ടു എങ്കിൽ നോമ്പ് നഷ്ടപ്പെട്ടതായി കണക്കാക്കണം. കടം വീട്ടണം. ചില സ്ത്രീകൾ ശരിക്കും ശുദ്ധിയാവാതെ ശുദ്ധിയായെന്ന് സംശയിച്ച്കൊണ്ട് സംശ യനിവാരണത്തിന് വേണ്ടി ആയിശ(റ)യുടെ അരികത്ത് ചെല്ലാറുണ്ടായിരുന്നു. അവരോട് നിങ്ങൾ ധൃതികൂട്ടരു തെന്നും ശരിക്കും പഞ്ഞി വെള്ളനിറം ആവുന്നത്വരെ (കാത്തിരിക്കണം) എന്നും പറയാറുണ്ടായിരുന്നു. അപ്പോൾ ഉറപ്പായിക്കഴിഞ്ഞാൽ മാത്രം നോമ്പിന്ന് നിയ്യത്ത് ചെയ്യ ണം. കുളി പ്രഭാതത്തിന് ശേഷമായാലും കുഴപ്പമില്ല. പക്ഷെ പ്രഭാത നമസ്കാരം സമയം തെറ്റാതെ നിർവ്വഹിക്കണമെന്ന് മാത്രം.

പ്രഭാതത്തിന് മുമ്പ് ശുദ്ധി കൈവരുന്ന സ്ത്രീകൾ വിസ്ത രിച്ച് കുളിക്കുന്നതിന്നായി സൂര്യോദയത്തിന് കാത്ത് നിൽക്കുന്നത് റമളാനിലാവട്ടെ അല്ലാത്തപ്പോഴാവട്ടെ പാടി ല്ലാത്തതാണ്. നമസ്കാരം സമയത്ത് കിട്ടുന്നതിന്ന് വേണ്ടി നീണ്ട കുളി നീട്ടിവെച്ച് ചെറിയ തോതിൽ കുളിച്ച് നമസ്ക രിക്കേണ്ടതാണ്. ശുദ്ധികൈവന്ന സ്ത്രീ കുളിക്കാതെ പ്രഭാ തത്തിൽ പ്രവേശിക്കുന്നത് ജനാബത്ത്കാരൻ പ്രഭാതത്തിൽ പ്രവേശിക്കുന്നത് പോലെയാണ്. നോമ്പ് പിടിക്കുന്നതിന്ന് യാതൊരു തകരാറുമില്ലെന്ന് സാരം. നബി(സ) ജനാ ബത്ത്കാരനും നോമ്പ്കാരനുമായിക്കൊണ്ട് നേരം പുല രാറുണ്ടെന്നും പ്രഭാതോദയത്തിന് ശേഷം കുളിക്കാറുണ്ടാ യിരുന്നു(ബു. 1930-മു. 1109) എന്നും സ്ഥിരപ്പെട്ടിട്ടുണ്ട്.

ചോദ്യം30: ആർത്തവകാരികൾ നോമ്പ് കടം വീട്ടേണ്ടതാണ് എന്നും നമസ്കാരം, അത് നിർബന്ധമായതാണെങ്കിൽപോലും കടം വീട്ടേണ്ടതില്ല എന്നുമുള്ള രണ്ട്തരം കൽപന

എന്ത്കൊണ്ടാണ്?

മറുപടി: ആയിശ(റ) ചോദിക്കപ്പെട്ടു. ആർത്തവകാരികൾ എന്താണിങ്ങനെ നോമ്പ് വീട്ടുന്നതും നമസ്കാരം വീട്ടാതിരിക്കുന്നതും? അവർ പറഞ്ഞു: ഞങ്ങൾ അങ്ങിനെയായിരിക്കുമ്പോൾ നോമ്പ് വീട്ടണമെന്ന് കൽപിച്ചു. നമസ്കാരം വീട്ടാൻ വേണ്ടി കൽപ്പിച്ചിട്ടില്ല. (തുർമുദി 3/498)എന്നത്കൊണ്ട്തന്നെ.

ചോദ്യം31: നോമ്പുകാരൻ സുറുമയിടുന്നതിന്റെ വിധിയെന്ത്?

മറുപടി: നോമ്പ് നോറ്റ്കൊണ്ട് സുറുമയിടുന്നതിന് ഒരു വിരോധവുമില്ല. കണ്ണിലോ ചെവിയിലോ ദ്രാവകം ഉറ്റിക്കുന്നതും (അതിന്റെ രുചി തൊണ്ടയിൽ അനുഭവപ്പെട്ടാലും) നോമ്പ് മുറിയുകയില്ല. എന്നാൽ മൂക്കിൽ ദ്രാവക വസ്തുക്കൾ ഒഴിക്കുകയും അതവന്റെ ഉള്ളിൽ എത്തണമെന്ന് ഉദ്ദേശിക്കുകയും ചെയ്താൽ നോമ്പ് മുറിയുന്നതാണ്. നബി(സ)പറഞ്ഞു: മൂക്കിൽ വെള്ളം നല്ലപോലെ കയറ്റുക. നോമ്പ്കാരനല്ലെങ്കിൽ (അബുദാവൂദ് 1/21, തുർമുദി 38, ഇബ്നുമാജഹ് 1/33, നസാഇൗ 1/27).

ചോദ്യം32: നോമ്പ്കാരൻ സുഖന്ധം വാസനിച്ചാൽ നോമ്പ് മുറിയുമോ?

മറുപടി: ദ്രാവകരൂപത്തിലുള്ളതോ പൊടിയായിട്ടുള്ളതോ ആയ ഏത്തരം സുഗന്ധമാകട്ടെ ദുർഗന്ധമാകട്ടെ അത് വാസനിക്കുന്നത് നോമ്പിനെ കുഴപ്പത്തിലാക്കുന്നതല്ല. പൊടി ഇനത്തിൽപ്പെട്ടതാകുമ്പോൾ അത് മൂക്കിൽ കയറുന്നത് സൂക്ഷിക്കണം. പൊടി വെള്ളം പോലെത്തന്നെ ഉള്ളിലേക്ക് പ്രവേശിച്ച് നോമ്പ് മുറിക്കുന്ന വസ്തുവാണ്. ദ്രാവകമാവുമ്പോൾ അത് മൂക്കിന്റെ അങ്ങേ അറ്റംവരെ  എത്തിയാലും ഉള്ളിലേക്ക് കടക്കുന്നില്ല. ഗന്ധം മാത്രം ഉള്ളിലേക്ക് ചെല്ലുന്നത്കൊണ്ട്  നോമ്പിന്ന് ദോഷമൊന്നുമില്ല.

ചോദ്യം33: നോമ്പ് നോറ്റ്കൊണ്ട് ബ്രഷ് ചെയ്യുന്നതും എണ്ണ തേക്കു

ന്നതും അനുവദനീയമാകുമോ?

മറുപടി: പകലിന്റെ രണ്ടറ്റത്തും നോമ്പുകാരൻ ബ്രഷ് ചെയ്യുന്നത് പ്രോത്സാഹജനകമാണ്. നബി(സ)പറഞ്ഞു: ബ്രഷ് ചെയ്യുന്നത് വായക്ക് വെടിപ്പും റബ്ബിന്ന് ഇഷ്ടവും ഉണ്ടാക്കുന്നതാണ്. (ഫത്ഹുൽബാരി5/656) നബി(സ)പറഞ്ഞു: എന്റെ സമുദായത്തിന് ഞാൻ ബുദ്ധിമുട്ട് വരുത്തുന്നതിനെ ഭയപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ എല്ലാ നമസ്കാരവേളയിലും ബ്രഷ് ചെയ്യാൻ ഞാൻ കൽപിക്കുമായിരുന്നു. (ഫത്ഹുൽ ബാരി 5/656, മുസ്ലിം 252) പേസ്റ്റ് പോലുള്ളതിന്റെ അംശം ഉള്ളിലേക്കിറങ്ങുന്നത് നോമ്പിന് ഭംഗം വരുത്തുമെങ്കിലും എണ്ണ തലയിലും ശരീരത്തിലും പുരട്ടുന്നത് നോമ്പിനെ ഒരു നിലക്കും ബാധിക്കുകയില്ല.

ചോദ്യം34: കണ്ണിലും മൂക്കിലും ചെവിയിലും മരുന്ന് ഉറ്റിക്കുമ്പോൾ അത് നോമ്പിനെ ബാധിക്കുമോ?

മറുപടി: മൂക്കിലൊഴിക്കുന്ന ദ്രാവകം ആമാശയത്തിലേക്ക് എത്തുമ്പോൾ നോമ്പ് മുറിക്കും. നബി(സ) ലകീതിനോട് പറഞ്ഞല്ലോ 'നോമ്പില്ലെങ്കിൽ മൂക്കിൽ നല്ലപോലെ വെള്ളം കയറ്റണം.' (അബൂദാ 142, തുർമു 38, നസാ 87, ഇബ്നുമാ. 448) അത്കൊണ്ട് നോമ്പ്കാരൻ ആമാശയത്തിലേക്ക് കടന്ന് ചെല്ലത്തക്ക നിലക്ക് മൂക്കിൽ ദ്രാവകം ഉറ്റിക്കരുത്. എന്നാൽ കണ്ണിൽ ഉറ്റിക്കുന്നത് സുറുമ ഇടുന്നത്പോലെ ത്തന്നെ നോമ്പ് മുറിക്കുകയില്ല. ചെവിയിലും അങ്ങിനെത്തന്നെ. കണ്ണും ചെവിയും അന്നപാനീയങ്ങൾ കടന്ന്ചെല്ലുന്ന വഴികളല്ല. പാദത്തിനടിയിൽ മാലിന്യം പുരണ്ട് അതിന്റെ രുചി തൊണ്ടയിൽവരെ എത്തിയാലും നോമ്പ്മുറിയുകയില്ല എന്നാണ് പണ്ഡിതന്മാർ പറയുന്നത്. വസ്തുക്കൾ ഉള്ളിലേക്ക് കടന്ന് ചെന്നിട്ടില്ലെന്നാണ് അവർ അതിന് കാണുന്ന ന്യായീകരണം.(അൽ മദാഹിബി-1/571)

ചോദ്യം35: നോമ്പുകാരൻ കൊപ്ലിക്കുകയോ മൂക്കിൽ വെള്ളം കയറ്റുകയോ ചെയ്തപ്പോൾ വെള്ളം അബദ്ധത്തിൽ ഉള്ളി

ലേക്ക് കടന്നു. നോമ്പ് മുറിയുമോ?

മറുപടി: ഈ അവസരത്തിൽ വെള്ളം ഉള്ളിലേക്ക് കടന്ന് പോയ ത്കൊണ്ട് നോമ്പ് മുറിയുകയില്ല. കാരണം അതവൻ കരുതികൂട്ടിയതല്ല. അല്ലാഹു(ത) പറഞ്ഞു: നിങ്ങൾ അബദ്ധം ചെയ്ത്പോയതിൽ നിങ്ങളുടെമേൽ കുറ്റമില്ലതാനും, പക്ഷെ നിങ്ങളുടെ ഹൃദയങ്ങൾ കരുതിക്കൂട്ടി ചെയ്തതാണ്(കുറ്റകരം)(33:5).

ചോദ്യം36: നോമ്പ്കാരൻ ശരീരം തണുപ്പിക്കുന്നതിന്റെ വിധിയെന്ത്?

മറുപടി: നോമ്പ്കാരൻ തന്റെ ശരീരം തണുപ്പിക്കുന്നതിന് ഒരു വിരോധവുമില്ല. നോമ്പ് ഉള്ളപ്പോൾ റസൂലുല്ലാഹി(സ) ചൂടും ദാഹവും കൂടിയ അവസരത്തിൽ തലയിലൂടെ വെള്ളം ഒഴുക്കാറുണ്ടായിരുന്നു(അബുദാവൂദ് 1/329). ചൂട്, ദാഹം എന്നിവ കഠിനമാവുമ്പോൾ ശമനത്തിന്നായി നോമ്പ്കാരനായ ഉമർ(റ)തന്റെ വസ്ത്രങ്ങൾ നനക്കുമായിരുന്നു. തണുപ്പിക്കുന്നത്കൊണ്ട് ഒരിക്കലും ആമാശയത്തിലേക്ക് വെള്ളം എത്തുന്നില്ല. അത്കൊണ്ട് അങ്ങിനെ ചെയ്യുന്നത് നോമ്പിനെ ബാധിക്കുകയില്ല.

ചോദ്യം37: വായയിൽ നിന്നൊലിക്കുന്ന കേല നോമ്പ് മുറിക്കുമോ?

മറുപടി: കേല അത് നോമ്പ്കാരന്റെ പ്രവർത്തനത്തിൽപ്പെട്ടതല്ല എന്നുള്ളത്കൊണ്ട് അത് എത്ര അധികമായാലും നോമ്പിന്ന് ഒരു ഭംഗവും വരുത്തുന്നതല്ല.

ചോദ്യം38: കഫം, മൂക്കട്ട എന്നിവ വിഴുങ്ങിപ്പോയാൽ എന്താണ് നോമ്പിന്റെ സ്ഥിതി?

മറുപടി: കഫവും മൂക്കട്ടയും വായയിലേക്കെത്തിയില്ലെങ്കിൽ നോമ്പ് മുറിയുകയില്ലെന്ന് ഒരഭിപ്രായമുണ്ട്. വായയിലേക്കെത്തുകയും പിന്നീട് അത് വിഴുങ്ങുകയും ചെയ്താൽ, അത് തിന്നുന്നതിനോടും കുടിക്കുന്നതിനോടും സാമ്യതയുണ്ടെന്ന ന്യായത്തിൽ നോമ്പ് മുറിയുമെന്നൊരഭിപ്രായവും

ഉണ്ട്. ഉമിനീരിനോട്, അതെത്രയായാലും മുറിയുകയില്ലല്ലോ എന്ന ന്യായത്തിൽ നോമ്പ് മുറിയുകയില്ലെന്ന അഭിപ്രായം വേറെയുമുണ്ട്.

അഭിപ്രായവ്യത്യാസം ഉണ്ടായാൽ ഖുർ ആനിലേക്കും സുന്നത്തിലേക്കും മടങ്ങുകയാണല്ലോ വേണ്ടത്. ഒരു ആരാധനാകർമ്മവും അസാധുവാകുകയില്ലെന്നാണല്ലോ അടിസ്ഥാനപരമായി ഉള്ളത്. ആ അടിസ്ഥാനത്തിൽ ഇവരണ്ടും വിഴുങ്ങിയാൽ നോമ്പ് മുറിയുകയില്ലെന്നാണ് മനസ്സിലാക്കേണ്ടത്. മൂക്കട്ട ഒരിക്കലും വായിലൂടെ വലിച്ച് തൊണ്ടയിൽ എത്തിക്കരുത്. വായിലേക്ക് അറിയാതെ എത്തിക്കഴിഞ്ഞാൽ നോമ്പ്കാരനാകട്ടെ അല്ലാത്തവനാകട്ടെ പുറത്തേക്ക് ഒഴിവാക്കണം. ഇവിടെ നോമ്പ് മുറിയുമെന്ന് പറയണമെങ്കിൽ അംഗീകൃത തെളിവുകൾ ലഭിക്കേണ്ടിയിരിക്കുന്നു.

ചോദ്യം39: നിഷിദ്ധമായ സംസാരം നോമ്പ് മുറിയാൻ കാരണമാകുമോ?

മറുപടി: നോമ്പ് നിർബന്ധമാക്കിയതിന്റെ ലക്ഷ്യമെന്ത്- അത് തഖ്വയാണ് എന്ന് ആദ്യമേ പറഞ്ഞല്ലോ, നിഷിദ്ധ കാര്യങ്ങളെ വെടിയുകയും കടമകൾ നിർവ്വഹിക്കുകയും ചെയ്യുക. ഇതാണ് തഖ്വയുടെ വിവക്ഷ. നബി(സ) പറഞ്ഞു: തെറ്റായ വാക്കുകളും പ്രവർത്തികളും മണ്ടത്തരങ്ങളും ആര് വെടിയുന്നില്ലയോ അവർ ഭക്ഷണപാനീയങ്ങളുപേക്ഷിക്കണം എന്ന് അല്ലാഹുവിന്നാവശ്യമില്ല. (ബുഖാരി 1903) അല്ലാഹുവിന്റെയും റസൂലിന്റെയും ഈ വാക്യങ്ങളെല്ലാം നോമ്പ്കാരനോട് നിഷിദ്ധങ്ങളായ വാക്കും പ്രവർത്തിയും ഉപേക്ഷിക്കണമെന്ന് ശക്തിയായി ആവശ്യപ്പെടുകയാണല്ലോ ചെയ്യുന്നത്. അപ്പോൾ അപരനെ കുത്തിപ്പറയരുത്. കളവും പരദൂഷണവും പറയരുത്. വിലക്കപ്പെട്ട കച്ചവടത്തിൽ ഏർപ്പെടരുത്. ചുരുക്കത്തിൽ എല്ലാ കുറ്റകരമായതിൽ നിന്നും പാടെ ഒഴിയണം. അങ്ങിനെ ഒരു മാസം മുഴു

വൻ റബ്ബിന്റെ കൽപനകൾ കഴിവതും പാലിച്ച് നോമ്പിന്റെ ചൈതന്യം ഉൾകൊണ്ട് നിഷിദ്ധങ്ങളെ മുഴുവൻ വെടിഞ്ഞ് ശീലിച്ചാൽ ബാക്കികാലങ്ങളിൽ അവന്റെ ജീവിതം നന്നായിരിക്കുമെന്ന് തീർച്ച.

എന്നാൽ ഒട്ടേറെ നോമ്പ്കാരും ഈ മാസത്തിന്റെ പവിത്രതയെകുറിച്ച് ഓർക്കുന്നില്ല. അവർ പതിവ് പോലെ കളവ്, ചതി, അസഭ്യങ്ങൾ പോലുള്ളതിൽ മുഴുകിക്കൊണ്ടിരിക്കുന്നു. എന്നാൽ ഇത്തരം പ്രവർത്തികൾകൊണ്ട് നോമ്പ് മുറിയുകയില്ലെങ്കിലും നോമ്പിന്റെ വിലയും മൂല്യവും ലക്ഷ്യവും നഷ്ടപ്പെടുത്തുമെന്ന് തീർച്ച. ഇത്തരം ദുഃസ്സ്വഭാവങ്ങൾ അധികമായിട്ടുണ്ടെങ്കിൽ നോമ്പിന്റെ മുഴുവൻ പ്രതിഫലവും നഷ്ടപ്പെട്ടുപോകുമോ എന്ന് ഭയപ്പെടേണ്ടതുണ്ട്.

ചോദ്യം40: കള്ള സാക്ഷ്യം എന്നത്കൊണ്ട് എന്താണുദ്ദേശിക്കുന്നത്? അത് നോമ്പ് മുറിക്കുമോ?

മറുപടി: തനിക്കറിയാത്തകാര്യം അറിയുമെന്നതിന്നും അറിയുന്നതിന്നെതിരിൽ പറയുന്നതിന്നും സാക്ഷി നിൽക്കുക. ഇത് കുറ്റങ്ങളിൽ വൻകുറ്റമായിട്ടാണ് ഖുർആനും സുന്നത്തും എണ്ണിയിരിക്കുന്നത്. ഇത് മുഖേന നോമ്പ് മുറിയുകയില്ലെങ്കിലും നോമ്പിന്റെ പ്രതിഫലം കുറയുമെന്നാണ് മനസ്സിലാവുന്നത്.

ചോദ്യം 41: റമളാൻ നോമ്പ് കടമുണ്ടായിരിക്കെ ശവ്വാലിലെ ആറ് നോമ്പ് അനുഷ്ടിക്കാമോ?

മറുപടി: നബി(സ)പറഞ്ഞിട്ടുണ്ട്. ആരാണോ റമളാൻ നോമ്പ് അനുഷ്ടിക്കുകയും ശവ്വാൽ മാസത്തിൽ ആറ് നോമ്പ് അതിനോട് തുടർത്തുകയും ചെയ്തവൻ അവൻ കാലം മുഴുവൻ നോമ്പ് നോറ്റവനെപ്പോലെയായി (മുസ്‌ലിം 1164). ശവ്വാലിൽ ആറ് നോമ്പ് അനുഷ്ടിക്കുന്നത് കടമുള്ള നോമ്പ് നോറ്റതിന് ശേഷമേ പറ്റൂ, അതിന്റെ മുമ്പ് ആയിക്കൂട എന്നിങ്ങനെ അഭിപ്രായങ്ങളുണ്ട്. ഉദാഹരണം. ഒരാൾ റമളാൻ

24 നോറ്റു ആറ് ബാക്കിയുണ്ട്. ഈ കടം വീട്ടുന്നതിന് മുമ്പ് ശവ്വാലിൽ 6 നോറ്റാൽ അത് റമളാൻ നോമ്പായി പരിഗണിക്കപ്പെടുന്നതല്ല. പിന്നെയും 6 നോറ്റു. റമളാനിലേതെന്ന് നിയ്യത്തില്ലെങ്കിൽ അതും റമളാനിലേതല്ല.

ഈ അടിസ്ഥാനത്തിൽ നോക്കിയാൽ റമളാൻ നോമ്പ് കടമുള്ളവൻ ശവ്വാലിലെ 6 നോമ്പ് നോറ്റാൽ തന്നെ അതിന്ന് പ്രതിഫലം ഉറപ്പിക്കപ്പെടുന്നില്ല. ഈ പ്രശ്നം റമളാൻ നോമ്പ് കടമുള്ളവന് സുന്നത്ത് നോമ്പ് അനുഷ്ടിച്ചാൽ പ്രതിഫലം ഉണ്ടോ ഇല്ലേ എന്ന പണ്ഡിതന്മാരുടെ അഭിപ്രായവ്യത്യാസവുമായി ബന്ധപ്പെട്ടതല്ല. കാരണം ആ തർക്കം 6 നോമ്പിനെക്കുറിച്ചല്ല. ഈ 6 നോമ്പാകട്ടെ റമളാൻ നോമ്പിനോട് ചേർന്ന് വരുന്നതാണ്. അതിനാൽ തന്നെ റമളാൻ നോമ്പ് പൂർത്തിയാക്കിയവനല്ലാതെ ഈ 6 നോമ്പിന്റെ പ്രതിഫലം ലഭ്യമല്ല.

ചോദ്യം42: റമളാനിൽ നോമ്പ് നോൽക്കാതിരുന്ന ഒരു രോഗി അതേ മാസത്തിൽ തന്നെ മരിച്ചു. അയാൾ നോമ്പ് കടം ഉള്ളവനാകുമോ?

മറുപടി: പെട്ടന്നുണ്ടായ ഒരു രോഗത്താലാണ് മരിച്ചതെങ്കിൽ അയാൾ ആ നോമ്പ് നോറ്റ് വീട്ടാൻ ബാധ്യസ്ഥനല്ല. അല്ലാഹു(ത) പറഞ്ഞല്ലോ: ആരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ മറ്റുദിവസങ്ങളിൽ നിന്ന് എണ്ണം പൂർത്തിയാക്കുക (2-184). അപ്പോൾ ഈ രോഗി മറ്റെതെങ്കിലും ദിവസം അത് വീട്ടേണ്ടതായിരുന്നു. പക്ഷേ അതിന്നയാൾക്ക് അവസരം കിട്ടിയില്ല. ശഅബാനിൽ മരിച്ചൊരാൾക്ക് അടുത്ത റമളാനിലെ നോമ്പ് നിർബന്ധമില്ലാത്തത് പോലെയാണത്. സുഖപ്പെടുകയില്ലെന്ന് ഉറപ്പിച്ച രോഗിയാണ് ഓരോ ദിവസത്തിന്നും വേണ്ടി ഒരു പാവപ്പെട്ടവന് ഭക്ഷണം കൊടുക്കേണ്ടത്.

ചോദ്യം43: നോമ്പ് കടമുള്ളയാൾ കടം വീട്ടാൻ അവസരം കിട്ടിയിട്ടും വീട്ടാതെയിരിക്കുന്നതിന്നിടയിൽ പെട്ടെന്ന് മരി

ച്ചു. എന്ത് ചെയ്യണം?

മറുപടി: നോമ്പ്കടം വീട്ടാൻ അവസരം ലഭിച്ചിട്ടും അത് വീട്ടാതെ മരിച്ചുപോയാൽ അയാളുടെ അനന്തരാവകാശികൾ അത് നോറ്റ് വീട്ടണം. നബി(സ) പറഞ്ഞു. ഏതൊരാൾ നോമ്പ്കടം നിർത്തിവെച്ച് പോകുന്നുവോ അവന്റെ അനന്തരാവകാശികൾ ആ നോമ്പ് നോറ്റ് കൊള്ളട്ടെ.(ബു. 1952 -മു 1147) മുഴുവൻ നോമ്പും അനന്തരാവകാശികളിൽ ഒരാൾക്കോ പലർക്കുമായി വിഹിതം വെച്ചോ നോൽക്കാവുന്നതാണ്.നോമ്പ് ബാധ്യതയുള്ള നിലയിൽ ഒരാൾ മരിച്ചാൽ അയാൾക്ക് വേണ്ടി ആഹാരം പ്രായശ്ചിത്തമായി നൽകപ്പെടണം എന്ന റിപ്പോർട്ട് സ്ഥിരപ്പെട്ടതല്ല. (ശറഉ മുസ്‌ലിം 4/282)

ചോദ്യം44: സുന്നത്തായ നോമ്പിനെ അകാരണമായി മുറിച്ചാൽ അയാൾ കുറ്റക്കാരനാകുമോ? അത് ലൈംഗിക വേഴ്ച കൊണ്ടാണെങ്കിൽ തെണ്ടം കൊടുക്കേണ്ടതുണ്ടോ?

മറുപടി: സുന്നത്ത് നോമ്പ് തിന്നോ കുടിച്ചോ ലൈംഗിക വേഴ്ച നടത്തിയോ മുറിച്ചാൽ അത് കുറ്റകരമല്ല. ഹജ്ജും ഉംറയുമല്ലാത്ത ഏതൊരു ഐച്ഛിക കർമ്മമായാലും അത് പൂർത്തിയാക്കൽ നിർബന്ധമില്ല. എങ്കിലും ഉത്തമം പൂർത്തിയാക്കലാണ്. ഐച്ഛിക നോമ്പിൽ ലൈംഗികവേഴ്ച നടത്തിയാൽ തെണ്ടം ഒന്നുമില്ല. എന്നാൽ റമളാൻ നോമ്പ് നിർബന്ധമുള്ളവൻ നോമ്പിന്റെ പകലിൽ ഭാര്യയുമായി വേഴ്ച നടത്തിയാൽ തെണ്ടം കൊടുക്കണം.

ചോദ്യം45: ശവ്വാലിലെ 6 നോമ്പ് എടുക്കാൻ ഏറ്റവും നല്ലത് എപ്പോഴാണ്? അത് ഒരിക്കൽ അനുഷ്ടിച്ചത്കൊണ്ട് എല്ലാ വർഷവും അനുഷ്ടിക്കൽ നിർബന്ധമായിത്തീരുമോ?

മറുപടി: ചെറിയ പെരുന്നാൾ കഴിഞ്ഞ ദിവസം മുതൽക്കുള്ള തുടർച്ചയായ 6 ദിവസങ്ങളിലാണ് എന്നാണ് പണ്ഡിതന്മാരുടെ പക്ഷം. നബി(സ) പറഞ്ഞ “പിന്നീട് അതിനോട്

തുടർത്തുക” എന്ന പ്രയോഗത്തിനോട് ഏറ്റവും യോചിക്കുന്നത് അതാണ്. നന്മയിലേക്ക് അതിവേഗം വരുന്നതിനെ പ്രേരിപ്പിക്കുകയും അങ്ങിനെയുള്ളവരെ പുകഴ്ത്തിപ്പറയുകയും ചെയ്യുന്ന ധാരാളം ഉദ്ദരണികൾ ഖുർആനിലും ഹദീസിലും വന്നിട്ടുണ്ടെന്നും ഓർക്കുക. അവസരങ്ങൾ നഷ്ടപ്പെട്ട്പോകുന്നതിലുള്ള ജാഗ്രത നല്ല അടിമയുടെ അടയാളമാണ്. ഇത് ഏത് നല്ല കാര്യം ചെയ്യുന്നതിലും ഉണ്ടായിരിക്കേണ്ട നല്ല സ്വഭാവവുമാണ്. ഈ നോമ്പ് ഒരു വർഷം എടുത്തത്കൊണ്ട് എല്ലാ വർഷവും എടുക്കൽ നിർബന്ധമായിത്തീരുമെന്ന ധാരണ തെറ്റാണ്. ഇത് നിർബന്ധമല്ല. ഐഛികം മാത്രമാണ്.

ചോദ്യം46: ആശൂറാഅ് ദിനം നോമ്പനുഷ്ടിക്കുന്നതിന്റെ വിധിയെന്ത്?

മറുപടി: നബി(സ) മദീനയിൽ ചെന്നപ്പോൾ മുഹററം മാസത്തിലെ 10-ാം ദിവസം ജൂതന്മാർ നോമ്പെടുക്കുന്നതായി കണ്ടു. അപ്പോൾ നബി(സ)പറഞ്ഞു. ഞാനാണ് മൂസാ(അ)നോട് നിങ്ങളെക്കാളെല്ലാം ബന്ധപ്പെട്ടവൻ. അങ്ങിനെ ആ നോമ്പ് നബി(സ)എടുത്തു. അത് അനുഷ്ടിക്കാൻ കൽപിക്കുകയും ചെയ്തു.(ബു. 2004, മു. 1130 ). ഈ നോമ്പിന്റെ പ്രത്യേകതയെകുറിച്ച് നബി(സ)യോട് ചോദിച്ചപ്പോൾ നബി(സ)പറഞ്ഞു. മുമ്പത്തെ വർഷത്തിൽ വന്ന്പോയ പാപങ്ങൾ അല്ലാഹുവിൽ നിന്ന് പൊറുത്ത് കിട്ടുമെന്ന് ഞാൻ ആശിക്കുന്നു. (മുസ്ലിം 1162). എന്നാൽ ഈ പത്തിനോടൊപ്പം ഒമ്പതോ പതിനൊന്നോ (9+10 അല്ലെങ്കിൽ 10+11) നോറ്റ് കൊണ്ട് ജൂതരോട് വ്യത്യസ്തത പുലർത്തണമെന്ന് നബി(സ)കൽപിച്ചിട്ടുണ്ട്. എന്നാൽ 10 നോടൊപ്പം 9 ചേർക്കലാണ് 11 ചേർക്കുന്നതിനേക്കാൾ ഉത്തമം.

ചോദ്യം47: ശഅബാൻ മാസത്തിലെ നോമ്പിന്റെ സ്ഥിതി എന്താണ്?

മറുപടി: ശഅബാൻ മാസത്തിൽ നോമ്പ് അനുഷ്ടിക്കുക മാത്രമല്ല, അധികമായി അനുഷ്ടിക്കുന്നത് മാതൃകയുള്ളതാണ്. ആയി

ശ(റ)പറയുക്കയുണ്ടായി: ശഅബാൻ നോമ്പിനോളം മറ്റൊരു നോമ്പും വർദ്ധിപ്പിക്കുന്നതായി നബിയെ ഞാൻ കണ്ടിട്ടില്ല(ബു. 1969).പണ്ഡിതന്മാർ പറയുന്നു: റമളാൻ നോമ്പിന്റെ മുമ്പുള്ള ശഅബാൻ നോമ്പിന് നിർബന്ധ നമസ്കാരങ്ങളുടെ മുമ്പായി നിർവ്വഹിക്കപ്പെടുന്ന സുന്നത്ത് നമസ്കാരങ്ങളുടെ സ്ഥാനമാണ്. അത് പോലെ നിർബന്ധ നമസ്കാരങ്ങളുടെ ശേഷമുള്ള സുന്നത്ത് നമസ്കാരങ്ങളുടെ സ്ഥാനമാണ് ശവ്വാൽ നോമ്പിന്നുള്ളത്. കൂടാതെ വരാൻ പോകുന്ന റമളാൻ നോമ്പിന്നുള്ള പരിശീലനവും തയ്യാറെടുപ്പും കൂടിയാണ് എന്ന പ്രത്യേകതയും ശഅബാൻ നോമ്പിന്നുണ്ട്.(ഫതാവാഅർകാനുൽഇസ്ലാം-ഹുസൈമീൻ491).

ചോദ്യം48: ശഅ്ബാൻ,ശവ്വാൽ,മുഹറം,അറഫ എന്നീ നോമ്പുകൾ സുന്നത്താണെന്ന് ചോദ്യോത്തരങ്ങൾക്കിടെ സൂചിപ്പിച്ചല്ലോ. എന്നാൽ ഇവ കൂടാതെ ഏതെങ്കിലും സുന്നത്ത് നോമ്പ് സ്ഥിരപ്പെട്ടതായിട്ടുണ്ടോ?

മറുപടി: ഉണ്ട്. എല്ലാ അറബി മാസത്തിലെയും 13,14,15 തിയ്യതികളിലും(ബു1981 - മു 1160) ആഴ്ചയിലെ തിങ്കൾ,വ്യാഴം ദിവസങ്ങളിലും(തുർമുദി 744,നസാഈ 1/328) നോമ്പനുഷ്ടിക്കൽ പുണ്യമാണെന്ന് സ്ഥിരപ്പെട്ടിട്ടുണ്ട്.

ചോദ്യം49: നോമ്പ് ചേർത്ത് നോൽക്കുക എന്നത്കൊണ്ടെന്താണ് ഉദ്ദേശ്യം?

മറുപടി: ചേർത്ത് നോൽക്കുകയെന്നാൽ രണ്ട് നോമ്പിന്റെ ഇടയിൽ ഭക്ഷണമില്ലാതെ രണ്ട് നോമ്പും കഴിഞ്ഞിട്ട് ഭക്ഷണം കഴിക്കുക എന്ന് വിവക്ഷ. ഇത് നബി(സ)ശക്തമായി വിലക്കിയതാണ്. നബി(സ)പറഞ്ഞു: ആർക്കെങ്കിലും അങ്ങിനെ ചെയ്യണമെന്നുണ്ടെങ്കിൽ അത്താഴം വരെ ചേർത്ത് കൊള്ളട്ടെ(ബു 1967). ഇങ്ങിനെ ചെയ്യുന്നതിന് അനുവാദമുണ്ടെന്ന് മാത്രം, എന്നല്ലാതെ പുണ്യമാണെന്ന് പഠിപ്പിച്ചതല്ല. നബി

(സ)നോമ്പ് തുറക്കൽ ധൃതി കാണിക്കുന്നത് പ്രേരിപ്പിച്ചി ട്ടുണ്ട്. നോമ്പ് തുറക്കുന്നതിൽ വേഗം കൂട്ടുന്നവരെല്ലാം നേട്ടം കൈവരിച്ചവരാകുന്നു എന്ന് നബി(സ)പറഞ്ഞത് നേരത്തെ ചൂണ്ടിക്കാണിച്ചതാണ്. എന്നാൽ നിങ്ങൾ ചേർത്തി നോമ്പനുഷ്ടിക്കുന്നുണ്ടല്ലോ എന്ന് നബി(സ) യോട് ചോദിച്ചപ്പോൾ ഞാൻ നിങ്ങളെപ്പോലെയല്ല എന്നാണ് നബി(സ)മറുപടി പറഞ്ഞത്.(ബു1922 - മു 1102)

ചോദ്യം50: വെള്ളിയാഴ്ച മാത്രമായി നോമ്പനുഷ്ടിക്കുന്നതിനെ വിലക്കിയതെന്താണ്? കടം വീട്ടുന്ന നോമ്പിന്നും ഈ വിലക്ക് ബാധകമാകുമോ? ഇടവിട്ട് നോൽക്കുന്നവന്റെ നോമ്പ് വെള്ളിയാഴ്ചയിൽ വന്നാൽ എന്ത് ചെയ്യും?

മറുപടി: നബി(സ)പറഞ്ഞിട്ടുണ്ട്. വെള്ളിയാഴ്ചയെ നോമ്പ്കൊണ്ട് പ്രത്യേകമാക്കരുത്. അതിന്റെ രാത്രിയെ രാത്രിനമസ്കാ രംകൊണ്ടും പ്രത്യേകമാക്കരുത്(മുസ്ലിം 1144). ഇടവിട്ട് നോൽക്കുന്നവന്റെ നോമ്പ് വെള്ളി, ശനി, ഞായർ തുട ങ്ങിയ ഏത് ദിവസങ്ങളോട് ഒത്ത് വന്നാലും അന്ന് നോമ്പ നുഷ്ടിക്കുന്നത് തെറ്റല്ല. പക്ഷേ നോമ്പ് നിഷിദ്ധമായ ദിവ സങ്ങളോട് ഒത്ത് വന്നതാവരുത്. ഊഴമനുസരിച്ച് നോമ്പിന്റെ ദിവസം രണ്ട് പെരുന്നാൾ, അയ്യാമുത്തശ് രീഖ്, എന്നീ ദിവസങ്ങളോട് ഒത്ത് വന്നാലും നോമ്പ്പിടിക്കുന്നത് കുറ്റകരമാണ്.

മേൽപറഞ്ഞ പ്രകാരമാണെങ്കിൽ വെള്ളിയാഴ്ച മാത്രമായി നോമ്പനുഷ്ടിക്കുന്നതിനെയല്ലല്ലോ നിരോധിക്കേണ്ടത്. പെരുന്നാൾ ദിവസം നോമ്പനുഷ്ടിക്കുന്നത് നിഷിദ്ധമാക്കി യപോലെ വെള്ളിയാഴ്ചനോമ്പ് തീരെ നിഷിദ്ധമാക്കുക യല്ലേ ചെയ്യേണ്ടത്, എന്ന് ചോദിച്ചാൽ അല്ല. കാരണം വെള്ളിയാഴ്ച മാസത്തിൽ 4 ആവർത്തി വരുന്ന ദിവസമാ ണ്. പെരുന്നാളാവട്ടെ വർഷത്തിൽ ഒരാവർത്തി മാത്രമേ വരുന്നുള്ളു. അത്കൊണ്ട് ഈ വിലക്ക് തീരെ നിഷിദ്ധം എന്ന നിലക്ക് പരിഗണിക്കപ്പെടുന്നില്ല. വെള്ളിയാഴ്ചയുടെ

മുമ്പോ പിമ്പോ ഉള്ള ഒരു ദിവസത്തെ അതിനോട് ചേർത്തി നോമ്പ് പിടിക്കുമ്പോൾ ആ ദിവസത്തെ പ്രത്യേകമാക്കുക എന്ന ഉദ്ദേശം വരുന്നില്ല.

എന്നാൽ ഈ വിലക്ക് കടമുള്ളത് നോറ്റ് വീട്ടുന്നതിന് ബാധകമാണോ എന്ന് ചോദിച്ചാൽ അതെ. സുന്നത്ത് നോമ്പെന്നോ നിർബന്ധനോമ്പെന്നോ വേർതിരിക്കാതെ വിലക്ക് പൊതുവാക്കിയിട്ടാണ് പറഞ്ഞിരിക്കുന്നത്. എങ്കിലും വെള്ളിയാഴ്ച അല്ലാത്ത മറ്റൊരു ദിവസവും നിർബന്ധനോമ്പ് നോറ്റ് വീട്ടാൻ കഴിയില്ല എന്ന് ഉറപ്പുള്ള സാഹചര്യത്തിൽ വെള്ളിയാഴ്ച മാത്രമായി നോമ്പ് എടുക്കാവുന്നതാണ്.

ചോദ്യം51: നോമ്പ് മുറിയുന്ന ഏതെങ്കിലും കാര്യത്തിൽ ഏർപ്പെട്ട്കൊണ്ടിരിക്കുമ്പോൾ പ്രഭാതോദയമുണ്ടായാൽ എന്ത് ചെയ്യണം?

മറുപടി: പ്രഭാതോദയ നേരത്ത് വായിൽ ഭക്ഷണമുണ്ടെങ്കിൽ അത് ഉള്ളിലേക്ക് ഇറക്കുന്നതോ കഴിച്ച്കൊണ്ടിരിക്കുന്ന പാത്രത്തിൽ ബാക്കി വന്നത് തിന്നുന്നതോ വിരോധമുള്ളതല്ല. റസൂലുല്ലാഹി (സ) പറഞ്ഞു: നിങ്ങൾ പ്രഭാത ബാങ്ക് കേൾക്കുമ്പോൾ കൈയിലുള്ള ഭക്ഷണ പാത്രം വെക്കേണ്ടതില്ല, അതിൽ നിന്ന് ആവശ്യമുള്ളത് തിന്നുന്നത് വരെ (അബൂദാവൂദ് 2350). ലൈംഗികവേഴ്ചയിലേർപ്പട്ടവൻ നിമിഷം പോലും കാത്ത് നിൽക്കാതെ ഒഴിവാകണം. ഇല്ലെങ്കിൽ നോമ്പ് മുറിയുകയും തെണ്ടം കൊടുക്കൽ നിർബന്ധമാവുകയും ചെയ്യുന്നതാണ്.

ചോദ്യം52: റമളാൻ മാസപ്പിറവി സ്ഥിരപ്പെടുന്നതിന് മുമ്പ് ഒരാൾ ഉറങ്ങി പുലർന്നപ്പോൾ നോമ്പാണെന്ന് ഉറപ്പായി. പക്ഷേ നോമ്പിന്റെ നിയ്യത്ത്(കരുതൽ) രാത്രി ഉണ്ടായിട്ടുമില്ല. ഈ അവസ്ഥയിൽ അവൻ എന്ത് ചെയ്യണം? ആ ദിവസത്തേത് പിന്നീട് നോറ്റ് വീട്ടേണ്ടതുണ്ടോ?

മറുപടി: റമളാൻ മാസപ്പിറവി ഉറപ്പിക്കുന്നതിന് മുമ്പ് ഉറങ്ങുകയും നോമ്പിന്റെ നിയ്യത്ത് ഉറപ്പിക്കാതെ നേരം പുലർന്നപ്പോൾ നോമ്പാണെന്ന് ബോധ്യമാവുകയും ചെയ്താൽ അയാൾ അന്ന് നോമ്പ്കാരനാകേണ്ടതാണ്. അതോടൊപ്പം ഭൂരി പക്ഷം പണ്ഡിതന്മാരും പറയുന്നത് പകരം മറ്റൊരു നോമ്പ് അനുഷ്ടിക്കുകയും ചെയ്യണമെന്നാണ്.(അൽ മദാഹിബി – 1/554) നിയ്യത്ത് അറിവിനെ പിന്തുടരുന്ന ഒന്നാണ്. ഇവ നാകട്ടെ നോമ്പായിട്ടുണ്ടെന്ന് അറിഞ്ഞിട്ടില്ല. അറിഞ്ഞതുമു തൽ തന്നെ അവൻ നിയ്യത്ത് ചെയ്തിട്ടുമുണ്ട്. അപ്പോൾ അവൻ പ്രതിബന്ധം ഉള്ളവനാണ്. അറിഞ്ഞ നിമിഷം തന്നെ നോമ്പ് പിടിച്ചിട്ടുമുണ്ട് എന്നതിനാൽ ആ നോമ്പ് തന്നെ അംഗീകൃതമാണ്. പകരം ഒരു നോമ്പിന്റെ ആവശ്യം വരു ന്നില്ല എന്ന് പറഞ്ഞവരും ഉണ്ട്. ഭൂരിപക്ഷം പറയുന്നത്, അറിഞ്ഞനിമിഷം നോമ്പ് പിടിക്കലും പകരം ഒരു നോമ്പ് നോൽക്കലും നിർബന്ധമാണെന്നാണ്. കാരണം നിയ്യത്തി ല്ലാതെ നോമ്പിന്റെ ഏതാനും ഭാഗം അവന് നഷ്ടപ്പെട്ടിട്ടുണ്ട് എന്നതാണ്.

ചോദ്യം53: വിമാനത്താവളത്തിലായപ്പോൾ സൂര്യൻ അസ്തമിച്ചു, ബാങ്ക് കൊടുത്തു. നോമ്പ് തുറന്നു. വിമാനം പൊങ്ങിയ പ്പോൾ സൂര്യനെ കാണുന്നു. അയാൾ നോമ്പുകാരനായി വീണ്ടും മാറേണ്ടതുണ്ടോ?

മറുപടി: അയാൾ നോമ്പുകാരനായി വീണ്ടും മാറേണ്ടതില്ല. നോമ്പ് തുറന്നപ്പോൾ അയാൾ ഭൂമിയിലായിരുന്നല്ലോ. ഭൂമിയിൽ നിന്നപ്പോൾ സൂര്യൻ അസ്തമിച്ചിട്ടുമുണ്ടല്ലോ. നബി(സ) പറഞ്ഞു: ഇവിടെ രാത്രിയാവുകയും ഇവിടെ പകൽ പോയിമറയുകയും സൂര്യൻ അസ്തമിക്കുകയും ചെയ്താൽ നോമ്പ്കാരന് നോമ്പ് തുറക്കാം(ബു. 1941). വിമാ നത്താവളത്തിലായിരുന്നപ്പോൾ സൂര്യൻ അസ്തമിച്ചാൽ അവന്റെ പകൽ അവസാനിച്ചു. ഇനി പിറ്റെ ദിവസം മാത്രമേ അവൻ നോമ്പനുഷ്ടിക്കേണ്ടതുള്ളൂ.

ചോദ്യം54: റമളാൻനോമ്പ് കടം ഉള്ളൊരാൾ അടുത്ത റമളാൻ വരെ കടം വീട്ടിയില്ല. എന്ത് ചെയ്യണം?

മറുപടി: അല്ലാഹു(ത) പറഞ്ഞു: ആകയാൽ നിങ്ങളിൽ ആര് ആ മാസത്തിൽ ഹാജറുണ്ടായോ അവൻ അതിൽ നോമ്പ് നോറ്റ് കൊള്ളട്ടെ. ആരെങ്കിലും രോഗിയോ യാത്രയിലോ ആയിരുന്നാൽ മറ്റുദിവസങ്ങളിൽ നിന്ന് എണ്ണം പൂർത്തിയാക്കണം. അംഗികരിക്കപ്പെട്ടകാരണത്താൽ നോമ്പ് മുറിച്ച ഏതൊരാളും ആ നോമ്പ് നോറ്റ് വീട്ടണം. അതെ വർഷത്തിൽ തന്നെ ആയിരിക്കണം അത്. അടുത്ത റമളാനിന്ന് ശേഷം വീട്ടാമെന്ന് വെക്കുന്നത് പാടില്ല. ആയിശ(റ)പറയുകയുണ്ടായി. എനിക്ക് റമളാൻ നോമ്പ് കടം വരാറുണ്ട്. അത് വീട്ടാൻ എനിക്ക് ശഅബാനിൽ മാത്രമേ സൗകര്യപ്പെടാറുള്ളു. (ബുഖാരി. 1950)

ശഅബാനിലല്ലാതെ എനിക്കത് വീട്ടാൻ സാധിച്ചിരുന്നില്ലെന്ന് ആയിശ(റ) പറഞ്ഞത് രണ്ടാമത്തെ റമളാൻ വരുന്നതിന്റെ മുമ്പ് തന്നെ അത് വീട്ടൽ അനിവാര്യമാണ് എന്ന് പഠിപ്പിക്കുന്നു. എങ്കിലും രണ്ടാമത്തെ റമളാനിന്ന് ശേഷമേ വീട്ടാൻ കഴിഞ്ഞുള്ളൂ എങ്കിൽ അല്ലാഹുവിനോട് പശ്ചാത്തപിക്കൽ അനിവാര്യമാണ്. ഇങ്ങിനെ വന്ന്പോയതിൽ അങ്ങേയറ്റം ഖേദം പ്രകടിപ്പിച്ചുകൊണ്ട് നഷ്ടപ്പെട്ട അത്രയും നോമ്പ് വീട്ടേണ്ടതാണ്. മറ്റൊന്നും ചെയ്യേണ്ടതില്ല. എന്നാൽ തെണ്ടം കൊടുക്കണമെന്ന് മാലിക്, ശാഫി, അഹമ്മദ്(റ) എന്നിവർ അഭിപ്രായപ്പെട്ടിട്ടുണ്ട്. (അൽ മദാഹിബി - 1/578)

ചോദ്യം55: പ്രഭാതോദയത്തിന്റെ 10, 15 മിനുട്ട് മുമ്പ്തന്നെ ഭക്ഷണപാനീയങ്ങളുപേക്ഷിക്കുക എന്ന് പറഞ്ഞ് റമളാൻ മാസത്തിൽ ചിലർ പ്രത്യേക നിർദ്ദേശങ്ങൾ നൽകുന്നതായി കാണുന്നു. ഇത് നബിചര്യയുടെ പിൻബലത്തിലാണോ? അതല്ല നൂതന സമ്പ്രദായമോ?

മറുപടി: ഇത് നബിചര്യയുടെ പിൻബലമില്ലാത്തതാണ്. എന്ന് മാത്ര മല്ല, ഇതിനോട് നബിചര്യ എതിരുമാണ്. കാരണം അല്ലാ ഹു(ത)പറഞ്ഞു: നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്ത്കൊള്ളുവിൻ. കറുപ്പ് നൂലിൽ നിന്ന് പ്രഭാതമാകുന്ന വെള്ളനൂൽ നിങ്ങൾക്ക് വ്യക്തമായിത്തീരുന്നത് വരേക്കും(2-187). റസൂലുല്ലാഹി(സ) പറഞ്ഞു: ബിലാൽ രാത്രിയിൽ ബാങ്ക് വിളിക്കും അപ്പോൾ നിങ്ങൾ തിന്നുക,കു ടിക്കുക ഉമ്മുമക്ത്തുമിന്റെ ബാങ്ക് കേൾക്കുംവരെക്കും, അദ്ദേഹം ബാങ്ക് കൊടുക്കുന്നത് പ്രഭാതം ഉദിച്ചെങ്കി ലാണ്(ബു. 1918 -മു 1092)ചോദ്യത്തിൽ സൂചിപ്പിച്ച “പ്രത്യേക നിർദ്ദേശങ്ങൾ“ അല്ലാഹുവിന്റെ കൽപനയിലേക്ക് മറ്റൊന്ന് കൂട്ടിച്ചേർക്കലാണ്. അത്കൊണ്ട് അതിന് നിലനിൽപില്ല. അത് മതത്തിൽ അമിതാവേശം കൊള്ളലാണ്. നബി(സ) അത്തരക്കാരെ സംബന്ധിച്ച് പറഞ്ഞത് അവർ നശിച്ച് പോകട്ടെ എന്നാണ്. ഇത് നബി(സ)മൂന്ന് തവണ ആവർത്തിച്ച് പറയുകയുണ്ടായി (മുസ്ലിം 2670) എന്നതും ഗൗരവമർഹിക്കുന്നു.

ചോദ്യം56: നോമ്പ് തുറക്കുമ്പോൾ പ്രത്യേകമായ വല്ല പ്രാർത്ഥന യുമുണ്ടോ. നോമ്പ് തുറക്കുന്നവൻ ബാങ്ക്കാരനെ പിൻതുടരണമോ. അതല്ല നോമ്പ് തുറയിൽതന്നെ വ്യാപൃ തനാവാമോ?

മറുപടി: നോമ്പ് തുറക്കുന്ന സമയം പ്രാർത്ഥനക്കുത്തരം ലഭിക്കാൻ ഏറ്റവും അനുയോജ്യമായ സന്ദർഭമാണ്. നോമ്പ് തുറക്കുന്ന സമയമാകുമ്പോഴേക്കും നോമ്പുകാരൻ ശാരീരികമായി വളരെ തളർന്നിരിക്കും. മനസ്സ് ലോലമായിരിക്കും. വിനയ ത്തിനും പാപമോചനത്തിനും അല്ലാഹുവിനോട് ഏറ്റവും അടുത്തിരിക്കുന്ന സമയമാണത്. ദാഹം ശമിച്ചു, നാഡി ഞരമ്പുകൾ നനഞ്ഞു, അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിൽ മഹത്തായ പ്രതിഫലം ഉറപ്പാവുകയും ചെയ്തു. (അബു ദാവൂദ് 1/328) എന്ന പ്രാർത്ഥന നടത്തുന്നത് മാതൃകയു ള്ളതാണ്.

എന്നാൽ നോമ്പ് തുറന്ന് കൊണ്ടിരിക്കുന്നവനും ബാങ്കിനെ പിന്തുടരണമെന്നത് കൽപനയാണ്. നബി (സ) പറഞ്ഞു. ബാങ്ക്കാരനെ കേൾക്കുമ്പോൾ അയാൾ പറയുന്നത്പോലെ നിങ്ങളും പറഞ്ഞുകൊള്ളുക. (ബു 611 - മു 383) നോമ്പ് തുറന്നുകൊണ്ടിരിക്കുന്നവനെ ഇതിൽ നിന്ന് ഒഴിവാക്കിയതായി എവിടെയും വന്നിട്ടില്ല.

ചോദ്യം57: ഇന്ന് പ്രചാരം ലഭിച്ചുകൊണ്ടിരിക്കുന്ന വിപുലമായ നോമ്പ്തുറ, സമയമായികഴിഞ്ഞാൽ നോമ്പ് തുറക്കുന്നു. പക്ഷേ മഗ്‌രിബ് നമസ്കാരം നഷ്ടപ്പെട്ട്പോകുമാറ് ആ തുറ നീണ്ട് പോകുന്നു. ഇത് കൊണ്ട് ഏറ്റവും ബുദ്ധിമുട്ടുന്നത് സ്ത്രീകളാണ്. അഥവാ അവർക്ക് മഗ്‌രിബ് നമസ്കാരം നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. എന്ത് ചെയ്യണം? നോമ്പ് വിസ്തരിച്ച് തുറക്കണോ? അതോ തുറന്നു എന്ന് വരുത്താൻ മാത്രം എന്തെങ്കിലുമൊന്ന് കഴിച്ച് മഗ്‌രിബ് നമസ്കരിക്കണോ?

മറപടി: ഇത് സംബന്ധിച്ച് വന്ന ഒരു സംഭവം പറയാം- അബു അത്വിയ്യ നിവേദനം-അദ്ദേഹം പറഞ്ഞു. ഞാനും മസ്ദൂഖും ആയിശ(റ)യുടെ അടുക്കൽ ചെന്നു. ഞങ്ങൾ ചോദിച്ചു. സത്യ വിശ്വാസികളുടെ മാതാവേ "നബി(സ)യുടെ രണ്ട് സഹകാരികൾ-അവരിലൊരാൾ നോമ്പ് തുറക്കുന്നതിലും നമസ്കരിന്നതിലും ധൃതി കൂട്ടുന്നു. അപരൻ നോമ്പ് തുറക്കുന്നതും നമസ്കരിക്കുന്നതും പിന്തിപ്പിക്കുന്നു. ആയിശ(റ) അന്വേഷിച്ചു. ആരാണ് നോമ്പ് തുറക്കാനും നമസ്കരിക്കാനും ധൃതികൂട്ടുന്നത്" ഞങ്ങൾ പറഞ്ഞു. അബ്ദുല്ലാഹിബ്നുമസ്ഊദ്. അപ്പോൾ അവർ പ്രതിവചിച്ചു. അങ്ങനെയാണ് നബി(സ) ചെയ്തിരുന്നത്. അപരൻ അബു മൂസയായിരുന്നു. (മുസ്ലി 1099).നോമ്പ് തുറന്നു എന്ന് വരുത്താൻ മാത്രം എന്തെങ്കിലും കഴിച്ച് നമസ്കാരത്തിൽ ഏർപ്പെടലായിരിക്കും എന്ത്കൊണ്ടും നന്നാവുക.

ഒന്നാമതായി വിശാലമായി തുറന്നാലുണ്ടാകുന്ന ക്ഷീണം. രണ്ടാമതായി മഗ്‌രിബ് നമസ്കാര സമയത്തിന്റെ പരിമിതി. മൂന്നാമതായി സ്ത്രീകൾക്കുണ്ടാകുന്ന ബുദ്ധിമുട്ട്. ഇവ മൂന്നും ഒഴിവാക്കാൻ അതാണുത്തമം. നമസ്കാരത്തിന് അനുയോജ്യമല്ലാത്ത സ്ഥലത്തോ പരിമിതമായ സ്ഥലത്തോ ആണ് തുറ സംഘടിപ്പിച്ചതെങ്കിൽ പല സംഘങ്ങളായി നമസ്കരിക്കാം. ചോദ്യത്തിൽ സൂചിപ്പിച്ച വിപുലമായ തുറ വാസ്തവത്തിൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതൊന്നുമല്ല. പാവപ്പെട്ടവർക്ക് ഭക്ഷണം നൽകുന്നതും അവരെ തുറപ്പിക്കുന്നതും നല്ലത് തന്നെ.

ചോദ്യം58: റമളാനല്ലാത്ത മറ്റ് ഏതെങ്കിലും നോമ്പ് നിർബന്ധമുള്ളതുണ്ടോ?

മറുപടി: ഉണ്ട്. ചില കുറ്റകൃത്യങ്ങളുടെ പ്രായശ്ചിത്തമായിട്ടോ അനുഷ്ഠാന കർമ്മങ്ങളിലെ വീഴ്ചകൾക്ക് പരിഹാരമായിട്ടോ ഉള്ള നിശ്ചിത എണ്ണം നോമ്പുകൾ നിർബന്ധമായി അനുഷ്ടിക്കേണ്ടതായിട്ടുണ്ട്. അതിൽ -

(1) സ്ഥിരപ്പെട്ട സുന്നത്ത് നോമ്പുകളിൽ ഏതെങ്കിലുമൊന്ന് അനുഷ്ടിക്കുമെന്ന് നേർച്ചയാക്കിയാൽ അത് അനുഷ്ടിക്കൽ നിർബന്ധമായിത്തീർന്നു. ആചാരാനുഷ്ടാന ബഹുമതികളിലെല്ലാം റമളാൻ നോമ്പിനോട് തുല്യമായിട്ടാണ് അത് കണക്കാക്കപ്പെട്ടിരിക്കുന്നത്.

(2) ഹജ്ജും ഉംറയും നിർവ്വഹിക്കുന്ന ആൾ അതിലെ പ്രധാനകർമ്മങ്ങൾ അവസാനിച്ച ശേഷമേ തലമുടി എടുക്കാൻ പാടുള്ളു. രോഗം നിമിത്തമോ മറ്റോ മുൻകൂട്ടി മുടി കളയേണ്ടിവന്നാൽ പ്രതിവിധിയായി ബലിയറുക്കുകയോ 3 ദിവസം നോമ്പനുഷ്ടിക്കകയോ ആറ് സാധുക്കൾക്ക് അര "സ്വാഅ്" വീതം ഭക്ഷണം നൽകുകയോ ചെയ്യേണ്ടതാണ്. (ഖുർആൻ വിവരണം) അമാനി മൗലവി. ആയത്ത്: 2/196

(3) തമത്തുഇന്റെ ഹജ്ജ് (ഉംറ ചെയ്ത്കൊണ്ട് ഹജ്ജ് വരെ സുഖമെടുക്കൽ) ചെയ്യുന്നവർ ആ ആനുകൂല്യങ്ങൾക്ക്

പകരം ഒരു ബലി, അതിന് സാധിക്കാത്തവർ 10 നോമ്പ്(മൂന്നെണ്ണം ദുൽഹജ്ജ് 10 ന്റെ മുമ്പും ഏഴെണ്ണം നാട്ടിലെത്തിയിട്ടും) നോൽക്കേണ്ടതാണ് (വി-ഖു.2/196)

(4) മുസ്ലീംകളുമായി സന്ധി നിലവിലുള്ളവരിൽപ്പെട്ട ഒരാളെ ഒരു മസ്ലീം കൊന്നുവെങ്കിൽ തെണ്ടം കൊടുക്കുകയും അടിമയെ മോചിപ്പിക്കകയും ചെയ്യണം. അതിന് സാധിച്ചില്ലെങ്കിൽ ഘാതകൻ തുടർച്ചയായി രണ്ടുമാസം നോമ്പ് പിടിക്കൽ നിർബന്ധമാകുന്നു (വി.ഖു.4:92).

(5) ഇന്ന പ്രകാരം ചെയ്ത്കൊള്ളാം അല്ലെങ്കിൽ ചെയ്യുകയില്ല എന്ന് ഒരാൾ സത്യം ചെയ്ത് പറഞ്ഞാൽ അത് നിറവേറ്റൽ അയാളുടെ കടമയായിത്തീരുന്നു. അത് ലംഘിക്കുന്നവർ പ്രായശ്ചിത്തമായി പത്ത് സാധുക്കൾക്ക് ഭക്ഷണം കൊടുക്കുക, അല്ലെങ്കിൽ അവർക്ക് വസ്ത്രം നൽകുക, അല്ലെങ്കിൽ ഒരടിമയെ മോചിപ്പിക്കുക. ഇവയിൽ ഒന്നും സാധിക്കാതെ വന്നാൽ മൂന്ന് ദിവസം നോമ്പ് നോൽക്കൽ നിർബന്ധമാകുന്നു. (വി.ഖു.5:89)

(6) ഭാര്യമാരെ മാതാക്കൾക്ക് തുല്യരായി പ്രഖ്യാപിക്കുകയും പിന്നീട് അവർ പറഞ്ഞ വാക്കിൽ നിന്ന് മടങ്ങുകയും ചെയ്യുന്നവർ ആ ഭാര്യ ഭർത്താക്കൻമാർ പരസ്പരം സ്പർശിക്കുംമുമ്പ് ഒരടിമയെ സ്വതന്ത്രനാക്കിവിടേണ്ടതാണ്. അടിമയെ കിട്ടിയില്ലെങ്കിൽ രണ്ട് മാസം തുടർച്ചയായി നോമ്പ് നോൽക്കേണ്ടതാണ്. അതിന്നും സാധ്യമായില്ലെങ്കിൽ അറുപത് അഗതികൾക്ക് ആഹാരം നൽകേണ്ടതാണ് (വി.ഖു 58:3-4).

(7) ഹജ്ജിനോ ഉംറക്കോ വേണ്ടി ഇഹ്റാമിൽ പ്രവേശിച്ച് കഴിഞ്ഞാൽ ജന്തുക്കളെ വേട്ടയാടുന്നത് പാടില്ലാത്തതാണ്. വേട്ടയാടിപ്പിടിക്കുന്ന പക്ഷം ആ ജീവിയോട് കിടപിടിക്കുന്നൊരു മൃഗത്തെ ബലികഴിപ്പിക്കണം. അല്ലാത്ത പക്ഷം അതിന്റെ വെലക്കുള്ളത്ര ഭക്ഷണസാധനം സാധുക്കൾക്ക് കൊടുക്കണം. അല്ലെങ്കിൽ ആ വെലക്ക് എത്ര സാധുവിന്റെ

ഭക്ഷണം വരുമോ അത്ര എണ്ണം നോമ്പ് പിടിക്കേണ്ടതാണ് (വി.ഖു.5:95).

(8) റമളാനിന്റെ പകലിൽ നോമ്പുകാരനായിരിക്കെ മനപൂർവ്വം ലൈംഗിക ബന്ധത്തിലേർപ്പെട്ടാൽ ഒരു വിശ്വാസിയായ അടിമയെ മോചിപ്പിക്കുക. അതിനു കഴിഞ്ഞില്ലെങ്കിൽ രണ്ട് മാസം തുടർച്ചയായി നോമ്പെടുക്കണം. അതിനും കഴിഞ്ഞില്ലെങ്കിൽ അറുപത് ദരിദ്രർക്ക് ഒരു മുദ്ദ് വീതം ഭക്ഷണം നൽകണം (ബു. 1936 – മു 1111).

ചോദ്യം59: നോമ്പ് പിടിക്കാൻ സാധിക്കാത്തവർ പ്രായശ്ചിത്തമായി നൽകേണ്ടതിന്റെ തോത് എത്ര?

മറുപടി: നോറ്റ് വീട്ടാൻ കഴിയില്ലെന്ന് ഉറപ്പുള്ളവരാണ് നഷ്ടപ്പെട്ട നോമ്പിന് പ്രായശ്ചിത്തം കൊടുക്കേണ്ടത്. വാർധക്യം ചെന്നവരും മാറാരോഗികളുമായിരിക്കും ഇതിന്റെ പരിധിയിൽ വരുന്നത് “അതിന് ഞെരുങ്ങി സാധിപ്പുണ്ടാകുന്നവരുടെമേൽ (അവർ നോമ്പ് നോൽക്കാതിരുന്നാൽ) തെണ്ടം-ഒരു സാധുവിന്റെ ഭക്ഷണം(കടമ)ഉണ്ടായിരിക്കും” (വി.ഖു.2-184) ഭക്ഷണത്തിന്റെ അളവ് നിർണ്ണയത്തെ സംബന്ധിക്കുന്ന തെളിവുകളൊന്നും ഇല്ലെങ്കിൽ തന്നെയും ഒരു മുദ്ദ് 500 ഗ്രാം ധാന്യമാണ് ഓരോ നോമ്പിനും കൊടക്കേണ്ട പ്രായശ്ചിത്തത്തിന്റെ തോത്. (ഇസ്ലാം വാള്യം 2/775) പാവപ്പെട്ടവന് ആഹാരം കൊടുത്ത് തനിക്ക് വേണ്ടി നോമ്പ് പിടിപ്പിക്കുന്നത് അപൂർവ്വമായി കണ്ട് വരുന്നുണ്ട്. അത് തെറ്റാണ്.

ചോദ്യം60: ഇഅ്തികാഫ് എന്നാലെന്താണ്? അതിന്റെ വിധി വിശദീകരിക്കുക. മാനുഷിക ആവശ്യങ്ങൾക്ക് വേണ്ടിയും ചികിത്സക്ക് വേണ്ടിയുമെല്ലാം ഇഅ്തികാഫിരിക്കുന്നവന് പുറത്ത് പോകാമോ? എന്തല്ലാമാണ് അതിന്റെ മര്യാദകൾ നബി(സ)യുടെ ഇഅ്തികാഫ് സ്വഭാവം എങ്ങിനെയായിരുന്നു?

മറുപടി: ഇഅ്തികാഫെന്നാൽ അല്ലാഹുവിൽ നിന്ന് പ്രതിഫലം കാംക്ഷിച്ചുകൊണ്ട് പള്ളിയിൽ ചടഞ്ഞിരിക്കുക. റമളാനിലെ ഒരു പ്രത്യേക രാവായ ലൈലത്തുൽഖദ്റിനെ പ്രതീക്ഷി ച്ച്കൊണ്ടാകുമ്പോൾ അത് ആയിരം മാസം മടങ്ങ് പുണ്യ മുള്ള കർമ്മമാണ്. അല്ലാഹു (ത) പറഞ്ഞു. നിങ്ങൾ പള്ളി കളിൽ ഭജനമിരിക്കുന്നവരാവുമ്പോഴും അവരുമായി (ഭാ ര്യമാരുമായി) സ്പർശനം നടത്തരുത്. (2-187). നബി(സ)യും അവിടുത്തെ അനുയായികളും പള്ളിയിൽ ഭജനമിരുന്ന തായി ബുഖാരിയിലും മുസ്ലിമിലും വന്നിട്ടുള്ളതാണ്. ആയിശ(റ)പറയുന്നു. നബി(സ)മരണം വരെ റമളാൻ അവ സാനപത്തിൽ ഭജനമിരുന്നിട്ടുണ്ട്. ശേഷം നബി(സ)യുടെ ഭര്യമാരും ഭജനമിരുന്നിട്ടുണ്ട്.(ബു 2026-മു.1172).

അബുസഈദിൽ ഖുദ്രിയ്യ് റിപ്പോർട്ട് ചെയ്യുന്നു. നബി( സ) റമളാനിലെ ആദ്യപത്തിൽ ഭജനമിരുന്നു. പിന്നെ നടു വിലെ പത്തിലും. പിന്നീട് നബി(സ) പറഞ്ഞു. ആ രാത്രിയെ പ്രതീക്ഷിച്ചുകൊണ്ട് ആദ്യപത്തിൽ ഞാൻ ഭജനമിരുന്നു. പിന്നെ നടുവിലത്തെ പത്തിലും. പിന്നെ ഞാൻ ചെന്നപ്പോൾ പറയപ്പെട്ടു. അത് അവസാനപത്തിലാവുന്നു എന്ന്. അത്കൊണ്ട് ആര് ഭജനമിരിക്കാൻ താൽപര്യംകാണിക്കു ന്നുവോ അവൻ ഭജനമിരുന്ന്കൊള്ളട്ടെ.(ബുഖാരി 2027) അഹമദ്(റ)പറയുന്നു: ഇഅ്തികാഫ് പുണ്ണ്യകർമ്മമാണെന്ന വിഷയത്തിൽ അഭിപ്രായവ്യത്യാസം ഉള്ള ആരെയും എനി ക്കറിഞ്ഞുകൂടാ (സുബ്ലുസ്സലാം 2-256).

ഏത് നാട്ടിലുമുള്ള സംഘടിത നമസ്കാരം നടക്കുന്ന പള്ളി കൾ ഇഅ്തികാഫിന് അനുയോജ്യമാണ്. ജുമുഅക്ക് വേണ്ടി പുറത്ത് പോവേണ്ടി വരികയില്ലെന്ന ഗുണം ഉള്ളതിനാൽ ജുമുഅ നടക്കുന്ന പള്ളികളായിരിക്കും കൂടുതൽ നന്നാ വുക. അതല്ലെങ്കിൽ ജുമുഅക്ക് വേണ്ടി പുറത്ത് പോകാ വുന്നതുമാണ്. നോമ്പില്ലാതെയും രണ്ട് പെരുന്നാൾ ദിന ങ്ങളിലും അയ്യാമുത്തശ്രീഖ് (ദുൽഹജ്ജ് 11.12.13)ദിനങ്ങളു മുൾപ്പെടെ ഏത് കാലത്തും പുരുഷൻമാർക്കെന്ന പോലെ

സ്ത്രീകൾക്കും അത് പുണ്യകരമാണ്.

ഇഅ്തികാഫിലായവർ നമസ്കാരം, ഖുർആൻ പാരായണം അല്ലാഹുവിലുള്ള സ്മരണ എന്നിവ കൊണ്ട് വ്യാപൃതനാവണം. കൂട്ടുകാരുമായി ഉപകാരപ്രദമായ കുറഞ്ഞ സംസാരം അനുവദനീയമാണെന്നപോലെ കൊടുക്കലും വാങ്ങലും വിവാഹം ചെയ്യലും ചെയ്തുകൊടുക്കലും അനുവദനീയമാണ് (അൽ ഉമ്മ് 61). ലൈംഗികവേഴ്ച മറ്റ് ലൈംഗികക്രീഡകൾ ഒന്നും പാടില്ലാത്തതാണ്. ഇഅ്ത്തികാഫിലായവർ പള്ളിയിൽ നിന്ന് പുറത്ത് പോവുന്നതിന്റെ വിധിയെ സംബന്ധിച്ച് ചർച്ച ചെയ്തപ്പോൾ അനുവദനീയം, പുണ്യം, ഇഅ്തികാഫിന്ന് വിരുദ്ധം എന്നിങ്ങനെ കർമ്മശാസ്ത്രപണ്ഡിതൻമാർ അതിനെ മൂന്നായി തരം തിരിച്ചത് കാണാം.

1. അനുവദനീയം. അത്യാവശ്യകാരണം, മാനുഷികമായ ആവശ്യങ്ങൾ,ജമു അ നമസ്കാരം, ഭക്ഷിക്കൽ, അംഗശുദ്ധി വരുത്തൽ, നിർബന്ധകുളി, മലമൂത്രവിസർജ്ജനം എന്നിവയെല്ലാം ഇതിന് ഉദാഹരണമായി അവർ ചൂണ്ടിക്കാട്ടുന്നു.

2. പുണ്യം. രോഗിയെ സന്ദർശിക്കുക, മരണവീട് സന്ദർശിക്കുക എന്നിവ ഇതിന്നുദാഹരണമാണ്. പക്ഷേ ഇത് ഇഅ്തികാഫിന്റെ തുടക്കത്തിൽ നിബന്ധനവെച്ചെങ്കിലേ പറ്റൂ എന്ന് അവർ പറഞ്ഞിട്ടുണ്ട്.

3. ഇഅ്തികാഫിന് വിരുദ്ധം. വീട്ടിൽ പോവുക, ലൈംഗികബന്ധത്തിലേർപ്പെടുക പോലുള്ളത് ഇതിന്നുദാഹരണമായി കാണിക്കുന്നു. ഇവ നിബന്ധനവെച്ചാലും അനുവദനീയമല്ലെന്നാണ് അവരുടെ പക്ഷം.

❖

## മറ്റു രചനകൾ

- ഏകത്വം - സംശയ നിവാരണം (വിവർത്തനം)
- അത്തർകിറത്തു ഫീ ഉലൂമിൽ ഖുർആൻ (അറബി)
- മബാദിഉ ഉസൂലിൽ ഫിഖ്ഹ് (അറബി) ഭാഗം-1
  യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്
- തുറാസു മുസ്‌ലിമീ മലബാർ (അറബി വിവർത്തനം)
- മബാദിഉ ഉസൂലിൽ ഫിഖ്ഹ് (അറബി) ഭാഗം-2
  യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്
- അൽ ഉസ്‌വത്തുൽ ഹസനത്ത് - ഹദീസ് സമാഹാരം (അറബി)
  യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്
- മാത്തോട്ടത്തിന് പിലാത്തോട്ടത്തിന്റെ മറുപടി